بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 19

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 മെയ് 08/ഹി.ശം 1404 ഹിജ്റത്ത് 08/ഹി:ഖ 1446 ദുൽഖഅ്ദ് 09


## അല്ലാഹുവിന്റെ വചനം

وَلَا تَاۡکُلُوۡۤا اَمۡوَالَکُمۡ بَیۡنَکُمۡ بِالۡبَاطِلِ وَتُدۡلُوۡا بِہَاۤ اِلَی الۡحُکَّامِ لِتَاۡکُلُوۡا فَرِیۡقًا مِّنۡ اَمۡوَالِ النَّاسِ بِالۡاِثۡمِ وَاَنۡتُمۡ تَعۡلَمُوۡنَ

(سورۃ البقرۃ:189)

നിങ്ങളുടെ ധനം നിങ്ങൾ അന്യായമായി, പരസ്പരം(അപഹരിച്ച്)ഭക്ഷിക്കരുത്. അറിഞ്ഞുകൊണ്ട് നിങ്ങൾ ജനങ്ങളുടെ ധനത്തിൽ ഒരു ഭാഗം കുറ്റകരമാംവിധം കരസ്ഥമാക്കി ഭക്ഷിക്കുന്നതിന് അതുമായി ഭരണാധികാരികളെ(കോഴകൊടുത്ത്)സമീപിക്കുകയുമരുത്.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

ഹദ്റത്ത് അബൂഹുറയ്റرضي الله عنه നിവേദനം. നബിﷺതിരുമേനി പറഞ്ഞു:മതം ലളിതമാണ്. മതത്തിൽ അമിതത്ത്വം പാലിക്കാൻ ആരുമുതിർന്നാലും അവസാനം അവൻ പരാജയപ്പെടാതിരിക്കുകയില്ല. അതുകൊണ്ട് നേരെയുള്ള വഴിയും മധ്യമാർഗവും കൈക്കൊള്ളുക. അങ്ങനെ അപ്പോഴും നിങ്ങൾ സന്തോഷിക്കുകയും പ്രഭാതത്തിലും സായാഹ്നത്തിലും രാവിന്റെ ഒരംശത്തിലും(നഫ്ലുകൾ മുഖേന)സഹായം തേടുകയും ചെയ്യുക. *(ബുഖാരി കിതാബുൽ ഈമാൻ, ഹദീഖത്തുസ്സ്വാലിഹീൻ ഹദീഥ് 776)*


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)


**അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാനിഷ്ടപ്പെടാത്ത ആ 'സത്യസന്ധനുമേൽ' ശാബാഷ്!അതിന്നെതിരിൽ അദ്ദേഹം ഏതുതരത്തിലുള്ള ആപത്തുകളും ദുഃഖങ്ങളും വഹിക്കാൻ തയ്യാറാകുന്നു.**

**യൂസുഫ് അല്ലാഹുവിന്റെ സൗന്ദര്യത്തിലും ഔദാര്യത്തിലും ആസക്തിയുള്ളയാളും പ്രേമിയുമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തന്റെ പ്രേമഭാജനത്തിനു പുറമെ മറ്റൊരു കാര്യവും ഇഷ്ടമാകുമായിരുന്നില്ല. അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ അദ്ദേഹമൊരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

"കഴിഞ്ഞ കാലത്ത് ഇതിനുദാഹരണം നോക്കുകയാണെങ്കിൽ ഹദ്റത്ത് യൂസുഫിന്റെعليه السلام സത്യസന്ധതയാണുള്ളത്. എങ്ങനെയുള്ള സത്യസന്ധത കാണിച്ചുവെന്നാൽ യൂസുഫ് 'സ്വിദ്ദീഖ്'എന്ന് പറയപ്പെട്ടു. വലിയ വലിയ വാദങ്ങളുന്നയിച്ചിരുന്ന മനോഹരിയും ആദരണീയയും യുവതിയുമായ ഒരു സ്ത്രീ തികച്ചും തനിച്ചുള്ളപ്പോൾ ഒഴിഞ്ഞ സ്ഥലത്ത് ദുഷ്കർമത്തിന് അദ്ദേഹത്തെ ഇരയാക്കാനാഗ്രഹിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാനിഷ്ടപ്പെടാത്ത ആ 'സത്യസന്ധനുമേൽ' ശാബാഷ്!അതിന്നെതിരിൽ ഏതുതരത്തിലുള്ള ആപത്തുകളും ദുഃഖങ്ങളും വഹിക്കാൻ അദ്ദേഹം തയ്യാറാകുന്നു. അദ്ദേഹം ജയിൽ ജീവിതം സമ്മതിച്ചു. അദ്ദേഹം പറഞ്ഞു:റബ്ബിസ്സിജ്നു അഹബ്ബു ഇലയ്യ മിമ്മാ യദ്ഊനനീ ഇലയ്ഹി അതായത് യൂസുഫ്عليه السلامദുആ ചെയ്തു:'എന്റെ നാഥാ! അവർ എന്നെ ഏതൊന്നിലേക്കു വിളിക്കുന്നുവോ അതിനെക്കാളും എനിക്കിഷ്ടം ജയിലാണ്.'(12:34) ഇതിൽനിന്ന് ഹദ്റത്ത് യൂസുഫ്عليه السلامന്റെ പരിശുദ്ധ പ്രകൃതിയും പ്രവാചകത്വത്തിനോടുള്ള അഭിമാനവും നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. മറ്റു കാര്യങ്ങളൊന്നും പറയുകപോലും ചെയ്തില്ല. അവളുടെ പേരുപോലും എടുത്തു പറയാത്തതിന്റെ ഉദ്ദേശ്യമെന്താണ്. യൂസുഫ്عليه السلامഅല്ലാഹുവിന്റെ സൗന്ദര്യത്തിലും ഔദാര്യത്തിലും ആസക്തിയുള്ളയാളും പ്രേമിയുമായിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ തന്റെ പ്രേമഭാജനത്തിനുപുറമെ മറ്റൊരു കാര്യവും ഇഷ്ടമാകുമായിരുന്നില്ല. അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ അദ്ദേഹമൊരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല.

പറയുന്നു, "ദീർഘമായൊരു കാലം- അതു പന്ത്രണ്ടു വർഷമെന്നാണ് പറയുന്നത് -അദ്ദേഹം ജയിലിൽ കിടന്നു. പക്ഷേ, ഈ കാലയളവിലൊരിക്കലും ഒരു പരാധിയും അദ്ദേഹം തന്റെ നാവിൽകൊണ്ടുവന്നില്ല. അല്ലാഹുവിലും അവന്റെ വിധിയിലും പൂർണമായും സംതൃപ്തനായിരുന്നു. തന്റെ കാര്യത്തെ കുറിച്ച് ചിന്തിക്കണമെന്നും അല്ലെങ്കിൽ വിട്ടയക്കണമെന്നും പറഞ്ഞ് അക്കാലയളവിൽ രാജാവിന് ഒരു ഹർജിയും നല്കിയില്ല. എന്നല്ല ആ സ്ത്രീയാണെങ്കിൽ എങ്ങനെയെങ്കിലും വശത്താക്കാൻ നിരന്തരം ബുദ്ധിമുട്ടുകളുണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്തുവെന്നും പറയപ്പെടുന്നു. എന്നാൽ, ആ സത്യസന്ധൻ തന്റെ സത്യസന്ധത

ശേഷം പേജ് 12 ൽ

**എല്ലാ മനുഷ്യരുടെ ഉള്ളിലും അല്ലാഹുവിനോടുള്ള സ്നേഹവികാരമുണ്ട്. പക്ഷേ, ആത്മീയാഹാരം കഴിക്കുന്ന ഒരാളുടെ ചിന്താശക്തിയ്ക്ക് തിളക്കവും പ്രകാശവും ലഭിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്رضي الله عنهസൂറ നഹ്ലിലെ 12-ാം വചനമായ **യുൻബിത്തു ലക്കും ബിഹിസ്സർഅ വസ്സയ്ത്തൂന വന്നഖീല വൽഅഅ്നാബ വമിൻകുല്ലിഥ്ഥമറാത്തി– ഇന്ന ഫീ ദാലിക്ക ല ആയത്തല്ലിഖൗമിൻ യത്തഫക്കറൂൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

"മനുഷ്യന്റെ പ്രഥമ ഭക്ഷണം മാംസാഹാരമല്ലെന്നും ലോകത്തിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാളുകൾ സസ്യാഹാരം മാത്രം കഴിക്കുന്നവരാണെന്നും പറഞ്ഞ് ആരെങ്കിലും ആക്ഷേപം ഉന്നയിച്ചേക്കാം. എന്നാൽ, ഈ ആക്ഷേപം ചിന്താക്കുറവിന്റെ ഫലമായിരിക്കും. കാരണം മാംസാഹാരം ഉപയോഗിക്കുന്നില്ലെന്ന് വാദിക്കുന്നവർ മാംസം കഴിക്കുന്നില്ലെങ്കിലും അവരുടെ ഭക്ഷണവും മാംസാഹാരമാകുന്നു. മാതാവിന്റെ പാലുകുടിക്കാതെ എത്രകുട്ടികളാണ് വളരുന്നത്? അപ്പോൾപ്പിന്നെ മാതാവിന്റെ പാല് മാംസാഹാരമല്ലേ? മാതാവിന്റെ പാലു കുടിക്കാത്തവർ മൃഗങ്ങളുടെ പാലു കുടിക്കുന്നു. അതും മാംസാഹാരമാണ്. മാംസാഹാരം ഉപയോഗിക്കുന്നത് ബാഹ്യമായി നിഷേധിക്കുന്നവർ വലിയ പ്രായത്തിലും പാലും നെയ്യും ഉപയോഗിക്കുന്നു. അതാണെങ്കിൽ മാംസാഹാരങ്ങളുമാണ്. ഏറ്റവും പ്രധാന ഭക്ഷണം മാംസാഹാരമായികഴിക്കാത്ത ഒരു മനുഷ്യനുമില്ല. മാംസാഹാരം ഉപയോഗുക്കിന്നില്ലെന്ന് വാദിക്കുന്നവർ ഒന്നുകിൽ സ്വയം വഞ്ചനയിൽ അകപ്പെട്ടവരാണ് അല്ലെങ്കിൽ മനഃപ്പൂർവം മറ്റുള്ളവരെ വഞ്ചിക്കുന്നവരാണ്. തങ്ങൾ മാംസം കഴിക്കുന്നവരല്ലെന്ന് അവർക്ക് പറയാവുന്നതാണ്. എന്നാൽ, തങ്ങൾ ഒരു മാംസാഹാരവും കഴിക്കുന്നവരല്ലെന്ന് അവർക്ക് പറയാൻ പറ്റുകയില്ല.

**ഇന്ന ഫീ ദാലിക്ക ല ആയത്തൻല്ലി ഖൗമിൻ യ്യത്തഫക്കറൂൻ** ഭക്ഷണങ്ങളെ പ്രതിപാദിച്ചതിന്റെ അവസാനം പറഞ്ഞു: ഇതിൽ ചിന്തിക്കുന്നവർക്കും ആലോചിക്കുന്നവർക്കും അടയാളമുണ്ട്. ഇതിൽനിന്ന് ഒരു ഭാഗത്ത് മാനുഷികമായ ബുദ്ധി ആഹാരത്തിലൂടെ വളർച്ച പ്രാപിക്കുന്നുവെന്ന സൂചനയാണുള്ളത്. ഇപ്രകാരം ആത്മീയമായി ബന്ധം വെക്കുന്ന ബുദ്ധി ആത്മീയമായ ആഹാരംകൊണ്ടാണ് വളർച്ച പ്രാപിക്കുന്നത്. രണ്ടാമത്തെ സൂചന നല്കിയിരിക്കുന്നത് മനുഷ്യപ്രകൃതിയുടെ ഉള്ളിൽ ചിന്തകളുണ്ടെന്നാണ്. എന്നാൽ, അവയെ പ്രചോദിപ്പിക്കുന്നതിന് നല്ല ഭക്ഷണത്തിന്റെ ആവശ്യമുണ്ടാകുന്നു. ഇപ്രകാരം ആത്മീയമായ ചിന്തകളും മനുഷ്യന്റെയുള്ളിലുണ്ട്. എന്നാൽ, അവയെ പ്രചോദിപ്പിക്കുന്നതിനും ആത്മീയമായ ഭക്ഷണത്തിന്റെ ആവശ്യമുണ്ടാകുന്നു. എല്ലാ മനുഷ്യരും ഒരേതരത്തിലുള്ളവരാണ്. എന്നാൽ, ഒരു കൂട്ടർ ഉന്നതതലത്തിലുള്ള ചിന്താശക്തി ഉൾക്കൊള്ളുന്നവരാണ്. മറ്റുള്ളവരല്ല. അതിനുകാരണം ഒരുകൂട്ടർക്ക് ഉചിതമായ ഭക്ഷണം ലഭിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നില്ല. ഈ അവസ്ഥതന്നെയാണ് ആത്മീയ ലോകത്തിന്റേതും. എല്ലാ മനുഷ്യരുടെ ഉള്ളിലും അല്ലാഹുവിനോടുള്ള സ്നേഹവികാരമുണ്ട്. പക്ഷേ, ആത്മീയാഹാരം കഴിക്കുന്ന ഒരാളുടെ ചിന്താശക്തിയ്ക്ക്

ശേഷം പേജ് 11 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി ഖയ്ബറിന്റെ അവസരത്തിൽ ഹബ്ശയിൽനിന്ന് മുഹാജിരീങ്ങൾ തിരിച്ചു വന്നപ്പോൾ പറഞ്ഞു: മാ അദ്‌രീ ബി അയ്യിഹിമാ അന ഉസർറു: ബി ഫത്ഹി ഖയ്ബറ, അം ബിഖുദൂമി ജഅ്ഫരിൻ, ഖയ്ബറിന്റെ വിജയത്തിലാണോ? അതല്ല ജഅ്ഫറിന്റെ വരവിലാണോ ഞാൻ കൂടുതൽ സന്തോഷിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ.**

**നബിﷺതിരുമേനി ശഹീദായ ഒരു ഹബ്ശീ അടിമയെ സംബന്ധിച്ച് പറഞ്ഞു: "അല്ലാഹു നിന്റെ മുഖത്തെ സൗന്ദര്യമുള്ളതാക്കിയിരിക്കുന്നു. നിന്റെ ദുർഗന്ധത്തെ സുഗന്ധമയമാക്കിയിരിക്കുന്നു. നിന്റെ സമ്പത്ത് വർധിപ്പിച്ചിരിക്കുന്നു." നബിﷺതിരുമേനി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു കൊണ്ടു പറഞ്ഞു: "അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിലെത്തിച്ചിരിക്കുന്നു."**

**നബിﷺതിരുമേനിയുടെ മതപരമായ വിശാലമനസ്കതയും വികാരങ്ങളെ പരിഗണിക്കുന്നതുമെല്ലാം പരമസീമയിലായിരുന്നു. അവർക്ക് തൗറാത്ത് സുരക്ഷിതമായി തിരിച്ചു കൊടുക്കാൻ കൽപ്പിച്ചു. അല്ലാതെ ഇന്ന് മുസ്‌ലിം വിരോധത്തിൽ വിശുദ്ധഖുർആൻ കത്തിച്ചു കളയാൻ പറയുന്നതുപോലെ ചെയ്യാനല്ല പറഞ്ഞത്. പ്രത്യുത അവരുടെ വേദഗ്രന്ഥം സുരക്ഷിതമായി തിരിച്ചേൽപ്പിക്കാനുള്ള മാതൃകയാണ് നബിﷺതിരുമേനി കാഴ്ചവെച്ചത്.**

**ഖയ്ബർ യുദ്ധത്തിന്റേയും വാദിയുൽഖുറാ യുദ്ധത്തിന്റേയും പശ്ചാത്തലത്തിൽ നബിﷺതിരുമേനിയുടെ അനുഗൃഹീത ജീവിതചരിത്രവിവരണം.**

**മൗലാനാ മുഹമ്മദു കരീമുദ്ദീൻ ശാഹിദ് സാഹിബ് സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ ഖാദിയാൻ, അബ്ദുർറശീദ് യഹ്‌യാ സാഹിബ് മുൻ സ്വദ്ർ ഖളാ ബോർഡ് കാനഡ, ജില്ല അമീർ ഹൈദ്രാബാദ് മിർസാ ഇംതിയാസ് അഹ്മദ് സാഹിബ്, അൽഹാജ് മുഹമ്മദു ബിൽഅറബി സാഹിബ് ഓഫ് അൽജസാഇർ, മുഹമ്മദു അശ്റഫ് സാഹിബ് കോട്ടറി, ജില്ല ഹൈദ്രാബാദ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗായിബും.**

**ഖുത്ബ ജുമുഅ 2025 ഏപ്രിൽ 04, 1404 ശഹാദത്ത് 04, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

റമളാനു മുമ്പേ തിരുനബി ചരിത്രത്തിലെ യുദ്ധങ്ങളെ സംബന്ധിച്ചുള്ള വിവരണമാണ് നടന്നുകൊണ്ടിരുന്നത്. ഇതോടനുബന്ധിച്ച് ഖയ്ബർ യുദ്ധത്തിന്റെ സംഭവങ്ങളാണ് വിവരിച്ചിരുന്നത്. ഇന്നും അതിനെ സംബന്ധിച്ച് പറയുന്നതാണ്. ഖയ്ബർ വിജയത്തിന്റെ സന്തോഷത്തിനോടൊപ്പംതന്നെ ആ ദിവസങ്ങളിൽ നബിﷺതിരുമേനിക്ക് മറ്റൊരു സന്തോഷംകൂടി ഉണ്ടായിരുന്നു. അതേക്കുറിച്ച് നബിﷺതിരുമേനി പറയുന്നു: "എന്നെ സംബന്ധിച്ചിടത്തോളം ഖയ്ബറിന്റെ വിജയമാണോ കൂടുതൽ സന്തോഷപ്രദം അതല്ല ഇനി പറയാൻപോകുന്ന കാര്യമാണോ എന്ന് വർണ്ണിക്കാൻ കഴിയുന്നില്ല. അതായത് ഹബ്ശയിലേക്കുപോയ മുഹാജിരീങ്ങളോടൊപ്പം ഹദ്റത്ത് ജഅ്ഫർرضي الله عنهന്റെ അവിടെനിന്നുള്ള തിരിച്ചുവരവ്.

നമുക്കറിയാവുന്നതുപോലെ മക്കക്കാരുടെ അക്രമങ്ങളിൽ പ്രയാസപ്പെട്ട് അവിടെയുള്ള കുറച്ചു മുസ്‌ലിമീങ്ങൾ ഹബ്ശയിലേക്ക് പലായനം ചെയ്തിരുന്നു. അവരിൽ നബിﷺതിരുമേനിയുടെ പിതൃവ്യപുത്രൻ ഹദ്റത്ത് ജഅ്ഫർ ബിൻ അബൂത്വാലിബുമുണ്ടായിരുന്നു. ഹുദയ്ബിയ സന്ധിക്കുശേഷം നബിﷺതിരുമേനി ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരീرضي الله عنهയെ ഹബ്ശയിലെ നജ്ജാശിയുടെ അടുക്കൽ കത്തുമായി അയച്ചിരുന്നു. അതിലിങ്ങനെ എഴുതിയിരുന്നു: 'ഇപ്പോൾ അവിടെയുള്ള മുസ്‌ലിം മുഹാജിരീങ്ങളെ മദീനയിൽ എന്റെ അടുത്ത് പറഞ്ഞയക്കുക.' അങ്ങനെ അന്യദേശത്ത് 15 വർഷം കഴിച്ചുകൂട്ടിയതിനുശേഷം അവർ രണ്ടുകപ്പലുകളിൽ മദീനയിലെത്തി. അപ്പോൾ നബിﷺതിരുമേനി ഖയ്ബറിലേക്ക് പോയെന്ന് അവർ അറിയാനിടയായി. അങ്ങനെ നബിﷺതിരുമേനിയെ എത്രയും വേഗം കണ്ടുമുട്ടാനുള്ള തിടുക്കവും ആവേശവും കാരണം മദീനയിൽ താമസിക്കുന്നതിനു പകരം ഹദ്റത്ത് ജഅ്ഫർرضي الله عنه ഖയ്ബറിലേക്കാണ് തിരിച്ചത്. നബിﷺതിരുമേനി ഹദ്റത്ത് ജഅ്ഫറിനെ കണ്ടപ്പോൾ എഴുന്നേറ്റു നിന്ന് ആലിംഗനം ചെയ്യുകയും ഇരുകണ്ണുകൾക്കുമിടയിൽ നെറ്റിത്തടത്തിൽ ഉമ്മവെക്കുകയും ചെയ്തു കൊണ്ടു പറഞ്ഞു:

**മാ അദ്‌രീ ബി അയ്യിഹിമാ അന ഉസർറു: ബി ഫത്ഹി ഖയ്ബറ, അം ബിഖുദൂമി ജഅ്ഫരിൻ**

ഖയ്ബറിന്റെ വിജയത്തിലാണോ? അതല്ല ജഅ്ഫറിന്റെ വരവിലാണോ ഞാൻ കൂടുതൽ സന്തോഷിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ.

അവരുടെ കൂട്ടത്തിൽ ഹദ്റത്ത് അബൂമൂസാ അശ്അരിയുംرضي الله عنهതന്റെ സമൂഹത്തിലെ അമ്പതിലധികം ആളുകളോടൊപ്പം എത്തിയിട്ടുണ്ടായിരുന്നു. ഹദ്റത്ത് അബൂമൂസാ അശ്അരിയുടെ പേര് അബ്ദുല്ലാഹ് ബിൻ ഖയ്സ് എന്നായിരുന്നു. ഇദ്ദേഹം അശ്അരി ഗോത്രത്തിൽപ്പെട്ടയാളാണ്. ഇദ്ദേഹം തന്റെ ജനതയിലെ ചില ആളുകളോടൊപ്പം മക്കയിൽ വന്നതാണ്. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം തന്റെ ആളുകളുടെ അടുത്തേക്കുതന്നെ തിരിച്ചുപോയി. കുറച്ചുകാലത്തിനുശേഷം തന്റെ രണ്ടു സഹോദരന്മാരോടും സ്വന്തം ജനതയിൽപ്പെട്ട അമ്പത് പേരോടുമൊപ്പം മദീനയിലേക്ക് ഹിജറത്ത് ചെയ്യുന്നതിനുവേണ്ടി സമുദ്ര യാത്ര പുറപ്പെട്ടു. പക്ഷേ, യാത്രയ്ക്കിടയിലുണ്ടായ ശക്തമായ കൊടുങ്കാറ്റു കാരണം അവരുടെ കപ്പൽ ഹബ്ശയുടെ തീരത്ത് അണഞ്ഞു. ഹബ്ശയിൽ അവർ ഹദ്റത്ത് ജഅ്ഫറുമായി കണ്ടുമുട്ടി. അദ്ദേഹം അന്നവിടെ താമസിക്കുകയായിരുന്നു. അങ്ങനെ ജഅ്ഫർرضي الله عنه മദീനയിലേക്കു വരാൻ തയ്യാറെടുത്തപ്പോൾ അശ്അരി ഗോത്രത്തിലെ ഈ മുസ്‌ലിമീങ്ങളും അവരോടൊപ്പം കൂടി. അവരുള്ളപ്പോൾതന്നെ ദൗസ് ഗോത്രത്തിലെ കുറച്ചാളുകളും വന്നിട്ടുണ്ടായിരുന്നു. അവരിൽ അബൂഹുറയ്റയും ത്വുഫയ്ൽ ബിൻ അംറും അവരുടെ കൂട്ടുകാരുമുണ്ടായിരുന്നു. അശ്ജാഅ് ഗോത്രത്തിലെ ആളുകളും വന്നിരുന്നു. അവരെല്ലാവരും വന്നപ്പോൾ എല്ലാവർക്കും ഖയ്ബറിലെ സ്വത്തുക്കളിൽ നിന്ന് കുറച്ചൊക്കെ നൽകി. *(സീറത്ത് എൻസൈക്ലോപീഡിയ, വാള്യം 8, പേജ് 402 - 404, ദാറുസ്സലാം)(ഉസുദുൽഗാബ, വാള്യം 3, പേജ് 364, വാള്യം 6 പേജ് 299, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, ബാബ് ഗസ്‌വത്തു ഖയ്ബർ, ഹദീഥ് 4230)(ഫത്ഹെ ഖയ്ബർ, ബാശമീൽ പേജ് 200, പ്രസാധനം നഫീസ് അക്കാഡമി)(അത്ത്വബഖാത്തുൽകുബ്റാ വാള്യം 1, പേജ് 265, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

കപ്പലിൽ വന്ന ആളുകളുടെ ശ്രേഷ്ഠതയെ സംബന്ധിച്ച് കൂടുതൽ വിശദീകരണം ഇങ്ങനെയാണ്: ഹദ്റത്ത് ജഅ്ഫറും അദ്ദേഹത്തിന്റെ കൂട്ടുകാരായ മറ്റു മുസ്‌ലിമീങ്ങളും കപ്പലിൽ യാത്ര ചെയ്തെത്തിയവരാണ്. അതുകൊണ്ട് അവരെ അസ്ഹാബുസ്സഫീന(കപ്പലുകാർ) എന്ന് പറയപ്പെടുന്നു. ഇവർ മദീനയിലെത്തിയപ്പോൾ 15 വർഷം പിന്നിട്ടിരുന്നു. ഇവിടെയുള്ള മുഹാജിരീങ്ങളായ അഥവാ ഹിജ്റത്തു ചെയ്തുവന്ന മുസ്‌ലിമീങ്ങൾ നിരവധി യുദ്ധങ്ങളിൽ പങ്കെടുത്തുകഴിഞ്ഞിരുന്നു. അവർ ഹിജ്റത്തിലും മുൻകടന്നവരായിരുന്നു. അതുകൊണ്ട് പരസ്പരമുണ്ടായ അവരുടെ സംസാരങ്ങളിൽ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരാണോ കൂടുതൽ ശ്രേഷ്ഠർ അതല്ല മദീനയിലേക്ക് നബിﷺതിരുമേനിയോടൊപ്പം വന്ന മുഹാജിരീങ്ങളാണോ കൂടുതൽ ശ്രേഷ്ഠരെന്ന് അവരിൽ ചർച്ചയുണ്ടായി. ഒരിക്കൽ ഹദ്റത്ത് ജഅ്ഫറിന്റെرضي الله عنهഭാര്യ ഹദ്റത്ത് അസ്മാ ബിൻത് ഉമയ്സ്رضي الله عنها, ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സയെ കാണുന്നതിനെത്തി. അവിടെ ഹദ്റത്ത് ഉമറുംرضي الله عنهപോയിരുന്നു. അദ്ദേഹം ചോദിച്ചു: ആരാണ് ഈ സ്ത്രീ? ഹദ്റത്ത് ഹഫ്സرضي الله عنها പറഞ്ഞു: അസ്മാ ബിൻത് ഉമയ്സാണ്. ഹദ്റത്ത് ഉമർ പറഞ്ഞു: "ന

ല്ലത്, ഹബ്ശക്കാരി അല്ലേ? സമുദ്ര യാത്ര ചെയ്തു കഴിഞ്ഞു വന്നവർ!" ഹദ്റത്ത് അസ്മാﷺ പറഞ്ഞു: അതെ. അപ്പോൾ ഹദ്റത്ത് ഉമർﷺപറഞ്ഞു: "ഞങ്ങൾ മദീനയിലേക്കുള്ള ഹിജ്റത്തിൽ നിങ്ങളെക്കാളും മുൻകടന്നവരാണ്. അതുകൊണ്ട് ഞങ്ങൾ നിങ്ങളെക്കാളും നബിﷺ തിരുമേനിയുമായി അടുത്തവരുമാണ്." ഇതു കേട്ടപാടെ ഹദ്റത്ത് അസ്മാﷺ വേദനയോടും ദ്വേഷ്യത്തോടും പറഞ്ഞു: "അല്ലാഹുവാണെ സത്യം, അങ്ങനെയൊരിക്കലും നടക്കുകയില്ല. നിങ്ങൾ നബിﷺതിരുമേനിയുടെ കൂടെ കഴിയുകയായിരുന്നു. നിങ്ങളിലെ പട്ടിണിക്കാർക്ക് ആ മഹാത്മാവ് ഭക്ഷണം തന്നുകൊണ്ടിരുന്നു. നിങ്ങളിൽ അറിവില്ലാത്തവർക്ക് ഉപദേശം തന്നുകൊണ്ടിരുന്നു. അതേസമയം ഞങ്ങൾ നാട്ടിൽനിന്നും ഒരു പാടുദൂരെ ശത്രു രാജ്യത്തായിരുന്നു. ഞങ്ങൾക്ക് അവിടെ പല രീതിയിലുള്ള ഭയവും ബുദ്ധിമുട്ടുമുണ്ടായിരുന്നു. ഞങ്ങൾ ആ സകല ദുഃഖങ്ങളും അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയാണ് സഹിച്ചിരുന്നത്." അവർ തുടർന്നു പറഞ്ഞു: "അല്ലാഹുവാണെ സത്യം! ഇതിനെ സംബന്ധിച്ച് ചോദിക്കുന്നതുവരെ ഞാൻ ഈ ഭക്ഷണം കഴിക്കുന്നതല്ല. അതേസമയം ഞാൻ താങ്കൾപ്പറഞ്ഞ കാര്യങ്ങൾ എറ്റക്കുറച്ചിലൊന്നും വരുത്താതെ സംസാരിക്കുന്നതായിരിക്കും. അവിടെ പോയി ഞാനെല്ലാ കാര്യങ്ങളും പറയും." അങ്ങനെ അവർ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു. അപ്പോൾ നബിﷺ തിരുമേനി പറഞ്ഞു:

**ലയ്സ ബിഅഹഖ്ഖ ബീ മിൻകും വലഹു ബി അസ്ഹാബിഹീ ഹിജ്റത്തുൻ വാഹിദത്തുൻ വലക്കും അൻതും അഹ്ലസ്സഫീനത്തി ഹിജ്റത്താനി**

അവർക്ക് നിങ്ങളെക്കാളും അവകാശങ്ങളൊന്നുമില്ല. മറിച്ച് അവർക്കും അവരുടെ സുഹൃത്തുക്കൾക്കും ഒരു ഹിജ്റത്താണുള്ളത്. നിങ്ങൾക്ക് അതായത് കപ്പൽ മുഖേന ഹബ്ശയിലേക്ക് യാത്ര ചെയ്തവർക്ക് രണ്ട് ഹിജറത്താണുള്ളത്.

ഇപ്രകാരം നബിﷺതിരുമേനി അവരെ സമാധാനിപ്പിച്ചു. അവരുടെ വേദനയും അകന്നു. ഇതുകേട്ടപ്പോൾ അവർ അഭിമാനത്തിന്റെയും സൗഭാഗ്യത്തിന്റെയും ഈ ശ്രേഷ്ഠത കൂട്ടുകാരോടൊക്കെ പറയാൻ തുടങ്ങി. ഹദ്റത്ത് അസ്മാﷺപറയുന്നു: "തുടർന്ന് ഹബ്ശക്കാരായ ആളുകൾ കൂട്ടംകൂട്ടമായി എന്റെയടുക്കൽ വന്നു നബിﷺതിരുമേനി പറഞ്ഞ കാര്യങ്ങൾ വളരെ താല്പര്യപൂർവ്വം എന്നിൽനിന്ന് കേട്ടുകൊണ്ടിരുന്നു. ലോകത്തെ മറ്റൊരു കാര്യത്തിനും നബിﷺതിരുമേനിയുടെ പരാമർശത്തേക്കാളും വലിയ ഒരു സ്ഥാനവും അത്രത്തോളം പ്രിയങ്കരമായി അനുഭവപ്പെട്ടിട്ടുണ്ടായിരുന്നില്ല. അവർ പറയുന്നു: "ചിലയാളുകൾ എന്റെയടുത്ത് നബിﷺതിരുമേനി പറഞ്ഞത് കേൾക്കാൻ കൂടെക്കൂടെ വരുമായിരുന്നു."*(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി ബാബു ഗസ്വത്തു ഖയ്ബർ ഹദീഥ് 4230 - 4231)*

ഇവിടെ മുസ്‌ലിമായിരുന്ന ഒരു ഹബ്ശി അടിമയുടെ ശഹാദത്തിനെ കുറിച്ചുള്ള പരാമർശവും കാണുന്നുണ്ട്. നിവേദനത്തിലുണ്ട്: "ഖയ്ബറിലെ ഒരു വ്യക്തിയുടെ അടിമയായിരുന്നു യാസാർ. അയാൾ അദ്ദേഹത്തിന്റെ ആടുകളെ മേച്ചിരുന്നു. ഖയ്ബറുകാർ നബിﷺതിരുമേനിക്കെതിരിൽ ആയുധങ്ങൾ എടുക്കുന്നത് അദ്ദേഹം കണ്ടപ്പോൾ അവരോടു ചോദിച്ചു:'നിങ്ങളെന്താണ് ഉദ്ദേശിക്കുന്നത്?' അവർ പറഞ്ഞു: 'നബിയാണെന്ന് വാദിക്കുന്ന വ്യക്തിയുമായി ഞങ്ങൾ യുദ്ധം ചെയ്യുന്നതാണ്.' അദ്ദേഹത്തിന്റെ മനസ്സിൽ നബിﷺതിരുമേനിയെ കുറിച്ചുള്ള ഓർമ ഇടം പിടിച്ചിരുന്നു. അതായത് നബിﷺതിരുമേനിയുടെ സ്ഥാനമാഹാത്മ്യം അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. 'നബി എന്ന് വാദിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും എന്തെങ്കിലും കാര്യമുണ്ടാകും.' അദ്ദേഹം തന്റെ ആടുകളെ കറക്കാൻ കൊണ്ടുപോയി. മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ പിടികൂടി നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ കൊണ്ടുവന്നു.

മറ്റൊരു നിവേദനത്തിൽ കുറച്ചുകൂടി വിശദീകരണമുണ്ട്. അതനുസരിച്ച് ഈ അടിമസ്വയം ആടുകളുമായി നബിﷺതിരുമേനിയുടെ അടുക്കലെത്തി. നബിﷺതിരുമേനി അദ്ദേഹത്തോടു സംസാരിച്ചു തുടങ്ങി. അദ്ദേഹം നബിﷺതിരുമേനിയോടു ചോദിച്ചു: "അങ്ങ് എന്തിലേക്കാണ് വിളിക്കുന്നത്?" നബിﷺതിരുമേനി പറഞ്ഞു: "ഞാൻ നിങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു. അതായത് അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുക. നിങ്ങൾ അല്ലാഹുവിനെ അല്ലാതെ മറ്റാരെയും ആരാധിക്കരുത്." ആ അടിമ പറഞ്ഞു: "ഞാൻ ഈ സാക്ഷ്യം വഹിക്കുകയാണെങ്കിൽ എനിക്കതുകൊണ്ട് എന്തു കിട്ടും? ഞാൻ അല്ലാഹുവിൽ വിശ്വസിക്കുകയാണെങ്കിൽ എനിക്കെന്താണ് കിട്ടുക?" നബിﷺതിരുമേനി പറഞ്ഞു: "നിങ്ങളിതിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്ക് സ്വർഗം ലഭിക്കും." അങ്ങനെ ആ അടിമവംശജൻ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം പറഞ്ഞു: "യാ റസൂലല്ലാഹ്! ഞാൻ കറുത്തവനാണ്. മുഖത്ത് ഒരുവിധ സൗന്ദര്യവുമില്ല. വളരെ ദുർഗന്ധമുള്ളയാളാണ്. എന്റെ പക്കൽ പൈസയുമില്ല. ഞാൻ ശത്രുക്കളുമായി പോരാടി മരണപ്പെടുകയാണെങ്കിൽ സ്വർഗത്തിൽ പോകുമോ?" നബിﷺതിരുമേനിപറഞ്ഞു: 'അതെ, തീർച്ചയായും നിങ്ങൾ സ്വർഗത്തിൽ പോകുന്നതാണ്.' ഹബ്ശി അടിമ പറഞ്ഞു: "യാ റസൂലല്ലാഹ്! ഈ ആടുകളെല്ലാം എന്റെ പക്കൽ സൂക്ഷിപ്പ് മുതലാണ്. അവയെ ഞാനെന്തു ചെയ്യും?" നബിﷺ തിരുമേനി പറഞ്ഞു: "അവയെ സൈന്യത്തിൽനിന്ന് മാറ്റി നിറുത്തുക. സ്വതന്ത്രമായി മൈതാനത്തേക്ക് അഴിച്ചു വിടുക. തീർച്ചയായും അല്ലാഹു നിന്റെ ഈ അമാനത്ത് നിന്റെ ഭാഗത്തുനിന്ന് കൊടുത്തു വീട്ടുന്നതാണ്." അതായത് അവരിലേക്ക് അതെത്തുന്നതാണ്.

ചിലയാളുകൾ നബിﷺതിരുമേനി ഗനീമത്തുമുതൽ അഥവാ സമരാർജിത സ്വത്തുക്കൾ നേടിയെടുക്കുന്നതിനുവേണ്ടിയായിരുന്നു യുദ്ധം ചെയ്തതെന്ന് ആക്ഷേപിക്കാറുണ്ട്. പ്രത്യേകിച്ചും ഖയ്ബറിനെ സംബന്ധിച്ച് യഹൂദികളുടെ സമ്പത്തുകളിൽ അധീശത്വം നേടുന്നതിനുവേണ്ടി അവർക്കുമേൽ അക്രമം ചെയ്തുവെന്നും ആക്ഷേപിക്കുന്നുണ്ട്. ഇത് ശരിയായിരുന്നുവെങ്കിൽ ഖയ്ബറിൽ സ്വഹാബാക്കൾ വിശപ്പുകൊണ്ട് വലയുമ്പോൾ ഭക്ഷണത്തിനൊന്നും കിട്ടാതിരുന്ന നേരത്ത് യുദ്ധത്തിന്റെ നിർണായക ഘട്ടത്തിൽ ശത്രുക്കളുടെ ആട്ടിൻപറ്റത്തെ, അത് സൗജന്യമായി കിട്ടിയ യുദ്ധമുതലായിരുന്നു അതുപയോഗിക്കേണ്ടതായിരുന്നു. എന്നാൽ, നബിﷺതിരുമേനി യുദ്ധാവസരത്തിൽപ്പോലും അമാനത്ത് അതായത് സൂക്ഷിപ്പ് മുതലിന്റെ കടമ യഥാവിധി പാലിക്കുകയാണ് ചെയ്തത്. ആടുകളെ തിരിച്ചുകൊടുക്കാൻ കൽപ്പിച്ചു. ഏതായിരുന്നാലും അദ്ദേഹം അങ്ങനെതന്നെ ചെയ്തു. ആടുകളെല്ലാം ആരോ തങ്ങളെ മേയ്ക്കാനുണ്ടെന്നതുപോലെ ഒന്നിച്ചുതന്നെ നീങ്ങി, അതിന്റെ ഉടമസ്ഥന്റെ അടുക്കലെത്തി. പിന്നീട് അദ്ദേഹം മുന്നോട്ടുവന്നു പോരാടി. ഒടുവിൽ ഒരു അമ്പ് അദ്ദേഹത്തിനുമേൽ തറച്ചു. അദ്ദേഹം ശഹീദായി. വാസ്തവത്തിൽ അദ്ദേഹം ഒരു സുജൂദുപോലും ചെയ്തിട്ടുണ്ടായിരുന്നില്ല. നവമുസ്‌ലിമായിരുന്നു. ഒരു നമസ്കാരമോ മറ്റോ അനുഷ്ഠിച്ചിട്ടില്ല. മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ എടുത്ത് തങ്ങളുടെ സൈന്യത്തിൽ കൊണ്ടു വന്നു. നബിﷺതിരുമേനി പറഞ്ഞു: "അദ്ദേഹത്തെ കൂടാരത്തിൽ കൊണ്ടു പോവുക." സ്വഹാബാക്കൾ അദ്ദേഹത്തെ നബിﷺതിരുമേനിയുടെ കൂടാരത്തിലെത്തിച്ചു. ഹദ്റത്ത് അനസ്ﷺവിവരിക്കുന്നു: "നബിﷺതിരുമേനി അദ്ദേഹത്തിന്റെ അടുത്ത് വന്നു. അദ്ദേഹം ശഹീദായി കഴിഞ്ഞിരുന്നു. നബിﷺതിരുമേനി പറഞ്ഞു: "അല്ലാഹു നിന്റെ മുഖത്തെ സൗന്ദര്യമുള്ളതാക്കിയിരിക്കുന്നു. നിന്റെ ദുർഗന്ധത്തെ സുഗന്ധമയമാക്കിയിരിക്കുന്നു. നിന്റെ സമ്പത്ത് വർധിപ്പിച്ചിരിക്കുന്നു." നബിﷺതിരുമേനി അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്തു കൊണ്ടു പറഞ്ഞു: "അല്ലാഹു അദ്ദേഹത്തെ സ്വർഗത്തിലെത്തിച്ചിരിക്കുന്നു."*(സുബുലുൽ ഹുദാ വർറശാദ് വാല്യം 5, പേജ് 129 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്) (ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 82, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ﷺഈ സംഭവം വിരിച്ചുകൊണ്ടു പറയുന്നു: "ഖയ്ബർ ഉപരോധ ദിവസങ്ങളിൽ ഒരു യഹൂദി നേതാവിന്റെ ആട്ടിടയൻ മുസ്‌ലിമായി. മുസ്‌ലിം ആയതിനുശേഷം അദ്ദേഹം പറഞ്ഞു: "യാ റസൂലല്ലാഹ്! എനിക്കിനി അവരുടെയിടയിൽ പോകാൻ സാധ്യമല്ല. ഈ ആടുകളെല്ലാം ആ യഹൂദിയുടെ എന്റെ കൈയിലുള്ള സൂക്ഷിപ്പു മുതലാണ്. ഇവയെ ഇനി ഞാനെന്താണ് ചെയ്യുക?" നബിﷺതിരുമേനി പറഞ്ഞു: 'ആടുകളെ, അവരുടെ കോട്ടകൾക്ക് അഭിമുഖമായി നിറുത്തി തെളിച്ചു വിടുക. അല്ലാഹു അവയെ അതിന്റെ ഉടമസ്ഥന്റെ അടുത്ത് എത്തിക്കുന്നതാണ്.' അദ്ദേഹം അതുപോലെതന്നെ ചെയ്തു. ആടുകൾ കോട്ടയ്ക്കടുത്തെത്തി. അവിടെ കോട്ടയിലുണ്ടായിരുന്നവർ അവയെ അകത്ത് കടത്തി."*(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 327)*

ഖയ്ബറിന്റെ അവസരത്തിലുണ്ടായ ചില ഫിഖ്ഹ് അഥവാ കർമശാസ്ത്ര സംബന്ധമായ കാര്യങ്ങളെക്കുറിച്ചും പരാമർശമുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർﷺ നിവേദനം. 'നബിﷺതിരുമേനി ഖയ്ബർ വേളയിലാണ് വളർത്തു കഴുതയുടെ ഇറച്ചി കഴിക്കുന്നത് വിലക്കിയത്. അത് സംബന്ധിച്ച് ബുഖാരിയിലുള്ള ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അലിﷺനിവേദനം. ഖയ്ബർ ദിവസങ്ങളിൽ നബിﷺതിരുമേനി വളർത്തുകഴുതയുടെ മാംസം വിലക്കി.*(സ്വഹീഹ് ബുഖാരി കിതാബുദ്ദബാഇഹ് വസ്സ്വയ്ദ്, ഹദീഥ് 5523)*

നബിﷺതിരുമേനി ഫദക്കുകാരുമായുണ്ടാക്കിയ സന്ധിയെ കുറിച്ചും വിവരണമുണ്ട്. ഫദക്ക്, ഖയ്ബറിന് സമീപം, മദീനയിൽനിന്ന് 6 രാത്രി യാത്രാ ദൈർഘ്യമുള്ള ഒരു സ്ഥലമാണ്. *(ഫർഹങ്കെ സീറത്ത് പേജ് 225, പ്രസാധനം സവാർ അക്കാഡമി കറാച്ചി)*

നബിﷺതിരുമേനി ഖയ്ബറിലേക്ക് ശ്രദ്ധിച്ചു. അതിനടുത്തെത്തിയപ്പോൾ മുഹയ്യിസ്സ ബിൻ മസ്ഊദിനെ ഫദക്കിലേക്ക് അയച്ചു. അവരെ ഇസ്‌ലാമിലേക്ക് വിളിക്കാനും ആക്രമിക്കപ്പെട്ടേക്കുമെന്ന് അവർക്ക് മുന്നറിയിപ്പു കൊടുക്കുന്നതിനും വേണ്ടിയാണ് അദ്ദേഹത്തെ അയച്ചത്. കാരണം അവരും ദ്രോഹപ്രവൃത്തികളിൽ ഒരുപാട് മുന്നേറിയിരുന്നു. അതല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ മുസ്‌ലിമീങ്ങളെ ഉപദ്രവിച്ചു കൊണ്ടിരിക്കുകയോ ഏതെങ്കിലുമൊക്കെ നിലയിൽ മുസ്‌ലിമീങ്ങൾക്ക് നഷ്ടങ്ങൾ വരുത്തുകയോ ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് നബിﷺതിരുമേനി പറഞ്ഞു: "ഞങ്ങൾ ഖയ്ബർകാരോടു ചെയ്തതുപോലെ നിങ്ങൾക്കുനേരെയും യുദ്ധം ചെയ്യുന്നതായിരിക്കും. ഹദ്റത്ത് മുഹയ്യിസ്സ വിവരിക്കുന്നു: "ഞാൻ അവരുടെ അടുക്കലെത്തി. രണ്ടു ദിവസം അവിടെ താമസിച്ചു. പക്ഷേ, അവർ ഒഴിവുകൾ പറഞ്ഞുകൊണ്ടിരുന്നു. അവർ പറഞ്ഞു: "ഖയ്ബറിൽ പതിനായിരം യോദ്ധാക്കളുണ്ട്. അവരിൽ ആമിർ, യാസിർ, ഹാരിഥ് കൂടാതെ യഹൂദികളുടെ സർദാർ മർഹബിനെ പോലെയുള്ള ആളുകളുമുണ്ട്. അതുകൊണ്ട് മുഹമ്മദ് അവരുടെ അടുത്തെത്തുമെന്ന് ഞങ്ങൾ കരുതുന്നില്ല." ഹദ്റത്ത് മുഹയ്യിസ്സ തുടരുന്നു: "ഞാൻ അവരുടെ ദ്രോഹവും ധിക്കാരവും കണ്ടപ്പോൾ അവിടെനിന്ന് തിരിച്ചുവരാൻ തീരുമാനിച്ചു." അദ്ദേഹം പറയുന്നു:

"അവിടെയുള്ള ഗോത്രക്കാർ പറഞ്ഞു, ഞങ്ങൾ താങ്ങളോടൊപ്പം ഞങ്ങളുടെ ഗോത്രത്തിലെ ചിലയാളുകളെ പറഞ്ഞുവിടാം. അവർ ഞങ്ങളുടെ ഭാഗത്തുനിന്ന് സന്ധി സന്ദേശവുമായി വരുന്നവരായിരിക്കും. നബിﷺതിരുമേനിക്ക് ഖയ്ബർ കീഴ്പ്പെടുത്താൻ കഴിയുമെന്നുപോലും അവർ കരുതുന്നുണ്ടായിരുന്നില്ല."

അവർ ആളുകളെ അയക്കുമെന്ന് പറഞ്ഞെങ്കിലും മുസ്‌ലിമീങ്ങൾക്ക് ഖയ്ബർ കീഴ്പ്പെടുത്തുമെന്നത് അചിന്തനീയമായതുകൊണ്ട് ഒഴികഴിവുകൾ പറഞ്ഞു കൊണ്ടിരുന്നു. ശരി, ഞങ്ങൾ അയക്കാമെന്നെല്ലാം പറഞ്ഞു കൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോൾ കുറച്ചാളുകൾ അവിടെയെത്തി പറഞ്ഞു: 'മുഹമ്മദ് 'നായിമ കോട്ട' കീഴ്പ്പെടുത്തിയിരിക്കുന്നു.' അപ്പോഴാണ് ഫദക്കുകാർക്ക് ബോധ്യം വന്നത്. അവർ തങ്ങളുടെ നേതാക്കന്മാരിൽപ്പെട്ട ഒരാളുടെ നേതൃത്വത്തിൽ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലേക്ക് ഒരു സംഘത്തെ അയച്ചു. നേതാവിന്റെപേര് നൂൻ ബിൻ യൂശഅ് എന്നായിരുന്നു. അയാൾ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി പറഞ്ഞു: "ഞങ്ങളുടെ ജീവൻ രക്ഷിക്കാമെന്ന കാര്യത്തിൽ ഞങ്ങളുമായി സന്ധി ചെയ്താലും. ഞങ്ങൾ ഞങ്ങളുടെ സമ്പത്തും മറ്റുകാര്യങ്ങളുമായി ഫദക്കിൽനിന്ന് പോകാൻ തയ്യാറാണ്." നബിﷺതിരുമേനി അവരുടെ അപേക്ഷ സ്വീകരിച്ചു. ഒരു നിവേദനത്തിൽ പറയുന്നു: ഫദക്കുകാർ തങ്ങളുടെ ഭൂമിയിൽ പകുതി സ്വന്തം കൈയിൽ വെക്കാനും പകുതി നബിﷺതിരുമേനിക്ക് കൊടുക്കാനും സന്ധി ചെയ്തുവെന്നും പറയുന്നുണ്ട്. കാരണം ഈ പ്രദേശം ഒരു യുദ്ധവും കൂടാതെയാണ് കൈയിൽ വന്നത്. അതുകൊണ്ട് ഇത് നബിﷺതിരുമേനിക്ക് അവകാശപ്പെട്ട യുദ്ധമുതലായിരുന്നു. അങ്ങനെ നബിﷺതിരുമേനി ഫദക്കിന്റെ വരുമാനത്തിൽനിന്ന് ചെലവഴിക്കാറുണ്ടായിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 138 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 74, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഖയ്ബറിലെ ഗനീമത്തുമുതലുകളേയും അതിന്റെ വിതരണത്തേയും സംബന്ധിച്ച് ഒരു നിവേദനമുണ്ട്. ഹദ്റത്ത് അബൂഹുറയ്റ‌ؓനിവേദനം. അദ്ദേഹം പറഞ്ഞു:"ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം ഖയ്ബറിലേക്ക് പുറപ്പെട്ടു. യുദ്ധമുതലുകളിൽ ഞങ്ങൾക്ക് സ്വർണമോ വെള്ളിയോ കിട്ടിയില്ല. ഒട്ടകവും വളർത്തുമൃഗങ്ങളും തോട്ടങ്ങളുമാണ് കിട്ടിയത്. ഒരു നിവേദനത്തിൽ സ്വത്തും വസ്ത്രങ്ങളും സാധനങ്ങളും കിട്ടി എന്ന് പറയുന്നുണ്ട്. ഏതാനും കോട്ടകളിൽനിന്ന് കുറച്ച് ആയുധങ്ങളും കിട്ടിയിരുന്നു.' ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: 'അതിൽ ആയിരം കുന്തവും 400 വാളും 500 വില്ലുമുണ്ടായിരുന്നു. ഹദ്റത്ത് ബുശയ്ർ ബിൻ യസാർؓനിവേദനം. അദ്ദേഹം പറഞ്ഞു: ഖയ്ബറിനെ നബിﷺതിരുമേനി മൊത്തമായ നിലയിൽ 36 ഭാഗങ്ങളായി വീതിച്ചു. അതിൽ പകുതി അതായത് 18 ഭാഗം മുസ്‌ലിമീങ്ങൾക്ക് സുരക്ഷിതമാക്കി. അവയിലോരോന്നും 100 ഭാഗങ്ങൾ അടങ്ങിയതായിരുന്നു. അതായത് 1800 ഭാഗങ്ങളുണ്ടായിരുന്നു. അതിലൊരു ഭാഗം നബിﷺതിരുമേനിയ്ക്കായിരുന്നു. അതായത് മറ്റുള്ളവർക്കുണ്ടായിരുന്നതിന് തത്തുല്യമായ ഭാഗം തന്നെയാണ് നബിﷺതിരുമേനിക്കുമുണ്ടായിരുന്നത്." ഒരു നിവേദനത്തിൽ പറയുന്നു; കുതിരസവാരിക്കാരെ 3 ഭാഗമാക്കിയിരുന്നു. കാലാൽപ്പടയെ ഒരു ഭാഗമാക്കി. ഭാവിയിലുണ്ടാകുന്ന അവസ്ഥകൾക്കും സാഹചര്യങ്ങൾക്കും മുസ്‌ലിമീങ്ങൾക്ക് ഇനിയുണ്ടാകാനിടയുള്ള കാര്യങ്ങൾക്കും വേണ്ടി നിജപ്പെടുത്തി മാറ്റിവെച്ചു. അതായത് റിസർവ് ഫണ്ടിൽപോയി. ഇത് വത്വയ്ഹ്, കത്തീബ, സുലാലിം എന്നിവരുടേയും അതുമായി ബന്ധപ്പെട്ട വരുടേതുമായിരുന്നു. ഇത് അവിടുത്തെ സ്വത്തുക്കളായിരുന്നു. *(സ്വഹീഹ് ബുഖാരി കിതാബുൽമഗാസി, ബാബു ഗസ്‌വത്തുഖയ്ബർ ഹദീഥ് 4228),(സുനൻ അബൂദാവൂദ്, ബാബു മാ ജാഅ ഫീ അർളി ഖയ്ബർ, ഹദീഥ് 3012,3014)(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 141 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ഫത്ഹ് ഖയ്ബർ,ബാശമീൽ, പേജ് 188, പ്രസാധനം നഫീസ് അക്കാഡമി)*

ഒരു നിവേദനത്തിലുണ്ട്: കത്തീബയിൽനിന്ന് കിട്ടിയതിൽ അല്ലാഹുവിന്റെ 5 - ലൊന്നും നബിയുടെഓഹരിയും സ്വന്തക്കാരുടെയും യത്തീമുകളുടെയും മിസ്കീനുകളുടെയും ഓഹരിയും നബിﷺതിരുമേനിയുടെ സഹധർമിണിമാർക്കുള്ള ചെലവുമായിരുന്നു ഉണ്ടായിരുന്നത്. കൂടാതെ നബിﷺതിരുമേനിയ്ക്കും ഫദക്കുകാർക്കുമിടയിൽ സന്ധി നടത്തിയിരുന്ന ആളുകൾക്കുള്ള ഓഹരിയും മാറ്റിവെച്ചു. അതിലൊരു പങ്ക് ഹദ്റത്ത് മുഹയ്യിസ്സ ബിൻ മസ്ഊദിന്റേതായിരുന്നു. അദ്ദേഹത്തിന് നബിﷺതിരുമേനി അതിൽനിന്ന് 30 വസഖ് ബാർലിയും 30 വസഖ് ഈന്തപ്പഴവും നൽകി. ഒരു വസഖ് എന്ന് പറയുന്നത് 60 സ്വാഅ് ആണ്. ഒരു സ്വാഅ് ഏകദേശം രണ്ടര കിലോ ആണ്. അങ്ങനെ ഏറെക്കുറെ നാലഞ്ചായിരം കിലോ ബാർലിയും നാലഞ്ചായിരം കിലോ ഈന്തപ്പഴവും അദ്ദേഹത്തിന് നൽകി. ഖയ്ബറിൽനിന്നുള്ള ഗനീമത്തുമുതലുകൾ അതായത് സമരാർജിതമുതലുകൾ പൊതുവിൽ വിതരണം ചെയ്യപ്പെട്ടത് ഹുദയ്ബിയ സന്ധിയിൽ ഹാജരുണ്ടായിരുന്ന ആളുകൾക്കിടയിലാണ്. അതേസമയം അവരെ കൂടാതെ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ അംറിനുംؓഒരോഹരി നൽകപ്പെട്ടു. കൂടാതെ ഹബ്ശയിൽനിന്ന് വന്നവർക്കും ഹദ്റത്ത് അബൂഹുറയ്റ തുടങ്ങി കുറച്ചുമറ്റുള്ളവർക്കും അതിൽനിന്ന് ഓഹരി നൽകപ്പെട്ടു. ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്: നബിﷺതിരുമേനിക്കു വേണ്ടിയുള്ള അഞ്ചിലൊരു ഓഹരിയിൽനിന്ന് ആയുധങ്ങളും വസ്ത്രങ്ങളും മറ്റും വാങ്ങിച്ചിരുന്നു. അതിൽനിന്ന് നബിﷺതിരുമേനിയുടെ കുടുംബക്കാർക്കും കൊടുത്തിരുന്നു. മുത്ത്വലിബിന്റെ മക്കൾക്കും അനാഥസ്ത്രീകൾക്കും ചോദിച്ചു വരുന്നവർക്കും അതിൽനിന്ന് നൽകിയിരുന്നു. ഇബ്നു ഇസ്ഹാഖ് എഴുതുന്നു: "ഖയ്ബറിൽ വിതരണം ചെയ്ത കാര്യസ്ഥന്മാർ ബനൂസലമയിലെ അംഗമായിരുന്ന ഹദ്റത്ത് ജബ്ബാർ ബിൻ സ്വഖ്ർ അൻസ്വാരിയും നജ്ജാർ ഗോത്രത്തിൽപ്പെട്ട ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തുമായിരുന്നു. ഇവരിരുവരും കണക്കുകൾ നോക്കിയാണ് വിതരണം ചെയ്തിരുന്നത്." ഇബ്നു സഅ്ദ്ؒഎഴുതിയിരിക്കുന്നു; നബിﷺതിരുമേനി ഗനീമത്തുമുതൽ സ്വരുക്കൂട്ടാൻ കൽപ്പിച്ചു. അങ്ങനെ മുതൽ ഒരുമിച്ചുകൂട്ടപ്പെട്ടു. ഫർദഹ് ബിൻ ബയ്യാളിയെ അതിന് മേൽനോട്ടം വഹിക്കാൻ നിയമിച്ചു. എണ്ണിക്കണക്കാക്കാനുള്ള ഉത്തരവാദിത്വം ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിനെയാണ് ഏൽപ്പിച്ചത്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മുഗഫ്ഫൽ പറയുന്നു: "എനിക്കൊരു ഭക്ഷണത്തളിക ലഭിച്ചു. മറ്റൊരു നിവേദനത്തിൽ പറയുന്നു: ഈ ഭക്ഷണത്തളിക യിൽ നിറയെ കൊഴുപ്പുണ്ടായിരുന്നു. ഞാൻ പറഞ്ഞു: ഇതിൽനിന്ന് ആർക്കും ഞാൻ ഒന്നും കൊടുക്കുന്നതല്ല. ഞാൻ അവരുടെ മുന്നിലൂടെ കടന്നു പോകുമ്പോൾ എനിക്ക് ലജ്ജ തോന്നി, ഞാനത് എന്റെ കൂട്ടുകാരിൽനിന്ന് കക്ഷത്തിൽ ഒളിപ്പിച്ചു പിടിച്ചു. വഴിയിൽവെച്ച് ഗനീമത്തുമുതലുകളുടെ മേൽനോട്ടക്കാർ എന്നെ കണ്ടു. അവരതിന്റെ ഒരു വശത്ത് പിടിച്ചുകൊണ്ടു ഇവിടെ കൊണ്ടുവരൂ ഞങ്ങൾ അത് വിതരണം ചെയ്യാമെന്ന് പറഞ്ഞു. ഞാൻ പറഞ്ഞു: 'ഒരിക്കലുമില്ല, അല്ലാഹുവാണെ സത്യം, ഞാനിതിൽ നിന്ന് അല്പംപോലും ആർക്കും നൽകുന്നതല്ല. അങ്ങനെ അദ്ദേഹം എന്റെ കൈയിൽനിന്ന് സഞ്ചി വലിച്ചെടുക്കാൻ തുടങ്ങി. നബിﷺതിരുമേനി അത് കണ്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് വിതരണം ചെയ്യുന്ന മേൽനോട്ടക്കാരനോട് പറഞ്ഞു: 'അദ്ദേഹത്തെ വിട്ടയക്കുക.' അങ്ങനെ അവർ എന്നെ വിട്ടു. തുടർന്ന് ഞാൻ അതുമായി എന്റെ സുഹൃത്തുക്കളുടെ അടുക്കലെത്തി. ഞങ്ങൾ അത് കഴിക്കുകയും ചെയ്തു. ഇതായിരുന്നു നബിﷺതിരുമേനിക്ക് സ്വാഹാബാക്കളോടുളള വാത്സല്യം. അദ്ദേഹം അതു കൊണ്ടു പോകുന്നെങ്കിൽ കൊണ്ടുപൊയ്ക്കോട്ടെ!

ഇബ്നു ഇസ്ഹാഖ്ؒ വിവരിക്കുന്നു:'നബിﷺതിരുമേനി ഇബ്നി ലുഖയിമിന് വളർത്തു കോഴികളും വളർത്തുമൃഗങ്ങളും നൽകി. അതായത് ഉണ്ടായിരുന്ന വസ്തുക്കളെല്ലാം വിതരണം ചെയ്തിരുന്നു. ഖയ്ബറിൽ ഭാഗഭാക്കായ സ്ത്രീകൾക്കും വിഹിതം നൽകിയിരുന്നു. ഇബ്നു ഇസ്ഹാഖ് എഴുതുന്നു: 'നബിﷺതിരുമേനിയോടൊപ്പം ഖയ്ബറിൽ മുസ്‌ലിമീങ്ങളിലെ ചില സ്ത്രീകളും വന്നിട്ടുണ്ടായിരുന്നു. അവർക്കും നബിﷺതിരുമേനി യുദ്ധമുതലിൽനിന്ന് നൽകിയിരുന്നു.' അതേസമയം ഗനീമത്തു മുതലുളിൽനിന്ന് അവർക്ക് കൃത്യമായ വിഹിതമൊന്നും നൽകിയിട്ടില്ല. ഒരു സ്ത്രീ പറയുന്നു: 'ഞാൻ ബനൂ ഗിഫാർ ഗോത്രത്തിലെ ചില സ്ത്രീകളെയുംകൂട്ടി നബിﷺതിരുമേനിയുടെ അടുക്കലെത്തി. ഞങ്ങൾ പറഞ്ഞു: "യാ റസൂലല്ലാഹ്!ഞങ്ങളും അങ്ങയോടൊപ്പം പുറപ്പെടാനാഗ്രഹിക്കുന്നു." ആ സമയത്ത് നബിﷺതിരുമേനി ഖയ്ബറിലേക്ക് പോകുകയായിരുന്നു. ഞങ്ങൾ പരിക്കേറ്റവരെ ശുശ്രൂഷിക്കുകയും മുസ്‌ലിമീങ്ങളെ സഹായിക്കുകയും ചെയ്യാമെന്നെല്ലാം സ്ത്രീകൾ പറഞ്ഞു. നബിﷺതിരുമേനി പറഞ്ഞു: 'ശരി, അല്ലാഹുവിന്റെ അനുഗ്രഹവുമായി പുറപ്പെട്ടുകൊള്ളുക. നിങ്ങൾക്കും അനുവാദം തരികയാണ്.' ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം പുറപ്പെട്ടു. ഖയ്ബർ കീഴടക്കിയപ്പോൾ സ്വത്തുക്കളിൽനിന്ന് ഞങ്ങൾക്കും നൽകി. ഒരു മാലയെടുത്ത് എന്റെ കഴുത്തിൽ അണിയിച്ചു. നിവേദക പറയുന്നു: "അല്ലാഹുവാണെ സത്യം, എപ്പോഴും ആ മാല എന്റെ കഴുത്തിൽത്തന്നെ കിടന്നിരുന്നു. ഞാൻ ഒരു നിമിഷനേരത്തേക്കുപോലും അത് ഊരിവെക്കാനാഗ്രഹിച്ചില്ല. എത്രത്തോളമെന്നാൽ ആ സ്വഹാബിയ ഇങ്ങനെ വസിയ്യത്ത് ചെയ്തു: "ഈ മാല എന്നോടൊപ്പംതന്നെ ഖബ്റടക്കേണ്ടതാണ്. ഈ മാല കെട്ടിത്തന്നത് നബിﷺതിരുമേനിയാണ്. അതുകൊണ്ട് മറ്റാരും അത് അഴിക്കരുത്." ബനു ഗിഫാർ ഗോത്രത്തിലെ ഈ സ്ത്രീയുടെ പേര് ഉമയ്യ ബിൻത് ഖയ്സ് അബൂ സ്വൽത്ത് എന്ന് വിവരിക്കപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉനയ്സ്ؓനിവേദനം. അദ്ദേഹം പറഞ്ഞു:"ഞാനും നബിﷺതിരുമേനിയോടൊപ്പം ഖയ്ബറിലേക്ക് പുറപ്പെട്ടു. എന്റെകൂടെ ഗർഭിണിയായ എന്റെ ഭാര്യയുമുണ്ടായിരുന്നു. വഴിയിൽത്തന്നെ അവളൊരു കുഞ്ഞിന് ജന്മം നൽകി. നബിﷺതിരുമേനിക്ക് അതിനെ സംബന്ധിച്ച് വിവരം നൽകിയപ്പോൾ അവൾക്ക് കൊടുക്കാൻ ഈത്തപ്പഴം കുതിർക്കാൻ കൽപിച്ചു. അത് നല്ലപോലെ കുതിർന്നാൽ അവൾക്ക് നീരെടുത്ത് കുടിക്കാൻ കൊടുക്കുക. അതായത് അത് നല്ലപോലെ കുതിർത്ത് അതിൽനിന്ന് നീരെടുത്ത് അതവൾക്ക് നൽകുക. അത് കൊടുത്തപ്പോൾ അവൾക്ക് വേദനയ്ക്ക് ശമനമുണ്ടാവുകയും ക്ഷീണം മാറുകയും പ്രസവിക്കുകയും ചെയ്തു. ഞങ്ങൾ ഖയ്ബർ കീഴടക്കിയപ്പോൾ അവർക്ക് ഭാഗം മാറ്റിവെച്ചില്ല. എന്നാൽ, നബിﷺതിരുമേനി യുദ്ധമുതലിൽനിന്ന്, ഫദക്കിന്റെ മുതലിൽനിന്ന് സ്ത്രീകൾക്കും പങ്കു കൊടുത്തു. എന്റെ ഭാര്യക്കും വഴിയിൽ ജനിച്ച എന്റെ കുഞ്ഞിനും കൊടുത്തു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 141 - 144 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (ത്വബഖാത്തുൽകുബ്റാ, വാള്യം 1, പേജ് 265, വാള്യം 8, പേജ്227 - 228,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ലുഗാത്തുൽഹദീഥ്, വാള്യം 2, പേജ് 648, വാള്യം*

*4, പേജ് 487, പ്രസാധനം നുഅ്മാനി കുതുബു ഖാന)*

ഇവിടെ തൗറാത്തിലെ ഏടുകൾ യഹൂദികൾക്ക് തിരിച്ചു കൊടുത്തതു സംബന്ധിച്ചുള്ള പരാമർശവുമുണ്ട്. ഖയ്ബറിലെ കോട്ടകളിൽനിന്ന് ഗനീമത്തുമുതലുകൾ അഥവാ സമരാർജിത മുതലുകൾസ്വരുക്കൂട്ടുമ്പോൾ അതിൽ തൗറാത്തിലെ ചില ഏടുകളും കിട്ടിയിരുന്നു. യഹൂദികൾ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി അതു തിരിച്ചു നൽകണമെന്നാവശ്യപ്പെട്ടപ്പോൾ അവിടന്ന് സുരക്ഷിതമായി എല്ലാ ഏടുകളും അവർക്ക് തിരിച്ചു കൊടുക്കാൻ കൽപന നൽകി. അതായത് തൗറാത്ത് എഴുതിയിട്ടുണ്ടായിരുന്ന കടലാസുകളെല്ലാം തിരിച്ചുനൽകി. നബിﷺതിരുമേനിയുടെ മതപരമായ വിശാലമനസ്കതയും വികാരങ്ങളെ പരിഗണിക്കുന്നതുമെല്ലാം പരമസീമയിലായിരുന്നു. അവർക്ക് തൗറാത്ത് സുരക്ഷിതമായി തിരിച്ചു കൊടുക്കാൻ കൽപിച്ചു. അല്ലാതെ ഇന്ന് മുസ്‌ലിം വിരോധത്തിൽ വിശുദ്ധഖുർആൻ കത്തിച്ചു കളയാൻ പറയുന്നതുപോലെ ചെയ്യാനല്ല പറഞ്ഞത്. പ്രത്യുത അവരുടെ വേദഗ്രന്ഥം സുരക്ഷിതമായി തിരിച്ചേൽപ്പിക്കാനുള്ള മാതൃകയാണ് നബിﷺതിരുമേനി കാഴ്ചവെച്ചത്. ഖയ്ബറിൽനിന്ന് തിരിച്ചു വരുമ്പോൾ വാദിയുൽഖുറാ യുദ്ധത്തെ കുറിച്ചുള്ള പരാമർശവും കാണപ്പെടുന്നുണ്ട്. നബിﷺതിരുമേനി ഖയ്ബർ വിജയത്തിനുശേഷം ഏതാനും ദിവസം അവിടെത്തന്നെ തങ്ങിയിരുന്നു. പിന്നീട് ഇസ്‌ലാമിക സൈന്യത്തോടൊപ്പം തിരിച്ചു പുറപ്പെട്ടു. അപ്പോൾ വാദിയിൽഖുറായിൽവെച്ച് യഹൂദികളുമായി യുദ്ധം ചെയ്യേണ്ടി വന്നു. ഇത് തയ്മാഇന്റേയും ഖയ്ബറിന്റേയുമിടയിലുള്ള ഒരു താഴ്‌വരയാണ്. അതിലൊരുപാട് ജനവാസ കേന്ദ്രങ്ങളുണ്ടായിരുന്നു. ഇത് വാദിയുൽഖുറാ എന്ന പേരിലാണ് അറിയപ്പെടുന്നത്. പുരാതന കാലത്ത് ആദ്, ഥമൂദ് ഗോത്രങ്ങൾ ഇവിടെയാണ് താമസിച്ചിരുന്നത്. ഈ രണ്ട് ജനതകളെ പറ്റിയും വിശുദ്ധ ഖുർആനിൽ പരാമർശം കാണാം. ഈ സമൂഹങ്ങൾ ഇവിടെ വസിച്ചിരുന്നു. ഇസ്‌ലാമിനു മുമ്പേ യഹൂദികൾ ഈ പ്രദേശങ്ങളിൽവന്ന് താമസിക്കുകയായിരുന്നു. അവർ കൃഷിയിലും ജലസേചനത്തിലും ഒരുപാട് അഭിവൃദ്ധി വരുത്തി. അങ്ങനെ അത് യഹൂദികളുടെ കേന്ദ്രമായിത്തീരുകയുകചെയ്തു. *(സീറത്തുന്നബിﷺ, ശിബ്‌ലി, വാള്യം 1, പേജ് 288, മക്തബ റഹ്മാനിയ്യ)*

ഈ അവസരത്തിൽ ഹദ്റത്ത് അബൂഹുറയ്റ رضي الله عنهയുടെ ഒരു നിവേദനവുമുണ്ട്. ഹദ്റത്ത് അബൂഹുറയ്റ رضي الله عنهവിവരിക്കുന്നു: "ഞങ്ങൾ ഖയ്ബർ കീഴടക്കി. അതുകഴിഞ്ഞ് ഞങ്ങൾ നബിﷺതിരുമേനിയോടൊപ്പം വാദിയുൽഖുറായിലെത്തി. അദ്ദേഹത്തോടൊപ്പം മിദ്അം എന്നു പേരുള്ള ഒരു അടിമയുമുണ്ടായിരുന്നു. ഇദ്ദേഹത്തെ ബനൂ ളിബാബ് ഗോത്രക്കാർ നബിﷺതിരുമേനിക്ക് സമ്മാനമായി നൽകിയതാണ്. ഇതിനിടയിൽ ഇദ്ദേഹം നബിﷺതിരുമേനിയുടെ കൂടാരം അഴിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ അടുത്ത് ഒരു അജ്ഞാതന്റെ അമ്പുവന്ന് ദേഹത്ത് തറയ്ക്കുകയും ഇദ്ദേഹമവിടെ മരണപ്പെടുകയും ചെയ്തു. ആളുകൾ പറഞ്ഞു: ഇദ്ദേഹത്തിന്റെ ഈ ശഹാദത്ത് അനുഗൃഹീതമാകട്ടെ! നബിﷺതിരുമേനി പറഞ്ഞു: 'അല്ല, ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണെ സത്യം, ഖയ്ബറിൽ അദ്ദേഹത്തിന് വിതരണം ചെയ്യപ്പെടേണ്ടിയിരുന്ന പുതപ്പ് ആരുടെ പക്കലാണോ ഉള്ളത് അവനുമേൽ തീ ആളുന്നുണ്ട്."

അതായത് ഗനീമത്തുമുതൽ അഥവാ സമരാർജിത സ്വത്തുക്കൾ സ്വരുക്കൂട്ടുന്നതിനിടയിൽ പ്രസ്തുത പുതപ്പ് ആരോ മോഷ്ടിച്ചിരുന്നു. ഏതായിരുന്നാലും നബിﷺതിരുമേനിയിൽനിന്ന് ഇതു കേട്ടപ്പോൾ ആ വ്യക്തി ഇത് ഭയാനകമായ കാര്യമാണെന്നും നരകത്തിൽ കൊണ്ടുപോകുമെന്നും മനസ്സിലാക്കി. അങ്ങനെ അയാൾ ചെരുപ്പിന്റെ ഒന്നോ രണ്ടോ വാറുമായി എത്തി. അയാൾ പറഞ്ഞു: ഇതും ഞാനെടുത്തതായിരുന്നു. ഇതും നേരത്തെ തന്നെ ഞാനെടുത്തതാണ്. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'ഒരു വാറായാലും രണ്ടു വാറായാലും അത് നരകത്തിൽ കൊണ്ടുപോകുന്നതിന് നിമിത്തമാകുന്നതാണ്.' *(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ബാബ് ഗസ്‌വത്തു ഖയ്ബർ ഹദീഥ് 4234)*

അതായത് ചെറിയ ചെറിയ സാധനങ്ങളാണെങ്കിലും അത് മോഷ്ടിക്കുകയാണെങ്കിൽ നിങ്ങൾക്ക് അതിനുള്ള ശിക്ഷ ലഭിക്കുന്നതായിരിക്കും. ഏതായിരുന്നാലും ഈ യുദ്ധത്തിന്റെ കൂടുതൽ വിശദീകരണങ്ങളിലെഴുതുന്നു: നബിﷺതിരുമേനി അവിടെയുണ്ടായിരുന്ന യഹൂദികളുമായി യുദ്ധത്തിന് സ്വഹാബാക്കളുടെ അണികൾ ശരിയാക്കി. ഒരു പതാക ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയ്ക്കു നൽകി. മറ്റൊന്ന് ഹദ്റത്ത് ഹുബാബാ ബിൻ മുൻദിറിന് കൊടുത്തു. വേറൊന്ന് ഹദ്റത്ത് സഹൽ ബിൻ ഹുനയ്ഫിനും ഇനിയുമൊന്ന് ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്‌രിനും നൽകി. തുടർന്ന് നബിﷺതിരുമേനി യഹൂദികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവരോടുപറഞ്ഞു: "ഇസ്‌ലാം സ്വീകരിക്കുകയാണെങ്കിൽ നിങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കപ്പെടും. അതിന്റെ കണക്കുകൾ അല്ലാഹുവിന്റെപക്കൽ സുരക്ഷിതമായിരിക്കും." എന്നാൽ, യഹൂദികൾ ഈ അഭ്യർഥന നിരാകരിച്ചു, യുദ്ധത്തിന് തയ്യാറായി. ഏറ്റവുമാദ്യം യഹൂദികളിൽനിന്ന് ദ്വന്ദയുദ്ധത്തിന് വന്ന ആളെ ഹദ്റത്ത് സുബയർ رضي الله عنهവധിച്ചു. പിന്നെ മറ്റൊരു യഹൂദി വന്നു. അയാളെ ഹദ്റത്ത് അലിയും വധിച്ചു. അതിനുശേഷം വേറൊരു യഹൂദി പുറപ്പെട്ടു. അയാളെ ഹദ്റത്ത് അബൂ ദുജാനയും വധിച്ചു. ഇങ്ങനെ രാത്രിവരെയും യുദ്ധം തുടർന്നു. എത്രത്തോളമെന്നാൽ യഹൂദികളിലെ 11 പേർ കൊല്ലപ്പെട്ടു. അടുത്ത ദിവസമായപ്പോൾ സൂര്യനുദിക്കുന്നതിനു മുമ്പേ യഹൂദികൾ ആയുധംവെച്ച് കീഴടങ്ങി. നബിﷺതിരുമേനി വാദിയുൽഖുറാ കീഴടക്കി. അല്ലാഹു അവിടെയുള്ള യഹൂദികളുടെ സമ്പത്തുകൾ നബിﷺതിരുമേനിക്ക് ഗനീമത്തുമുതലായി നൽകി. മുസ്‌ലിമീങ്ങൾ അതിൽനിന്ന് ഒരുപാട് സമ്പത്ത് കരസ്ഥമാക്കി. വാദിയുൽ ഖുറായിൽ മുസ്‌ലിമീങ്ങൾക്കിടയിൽ ഗനീമത്തുമുതൽവിതരണം ചെയ്തു. സ്ഥലങ്ങളും ഈത്തപ്പഴ തോട്ടങ്ങളും യഹൂദികൾക്കുതന്നെ നൽകി. അവരെത്തന്നെ അതിന്റെ മേൽനോട്ടക്കാരാക്കി. ഖയ്ബറിൽ യഹൂദികളെ മേൽനോട്ടക്കാരാക്കിയതുപോലെ നിങ്ങൾത്തന്നെ ഇത് വെക്കുകയും സമ്പാദിക്കുകയും തയ്യാറാക്കുകയും ചെയ്തു കൊള്ളുക എന്നു പറഞ്ഞു.

അല്ലാമാ ബിലാദരി പറയുന്നു: "ഹദ്റത്ത് അംർ ബിൻ സയീദ് ബിൻ ആസ്വിയെ വാദിയുൽ ഖുറായുടെ മേൽനോട്ടക്കാരനായി നിയമിച്ചു. നബിﷺതിരുമേനി നാലു ദിവസത്തോളം വാദിയുൽ ഖുറായിൽ തങ്ങി. പിന്നീട് മദീനയിൽ തിരിച്ചുവന്നു.*(സുബുലുൽ ഹുദാ വർറശാദ് വാള്യം 5, പേജ് 149 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(അസ്സീറത്തുൽ ഹൽബിയ്യ, വാള്യം 3, പേജ് 86, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ലുഅ്‌ലുവൽ മക്നൂൻ, വാള്യം 3,)*

ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് പറയുന്നതാണ്. ഈ നേരത്ത് ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. ഇൻശാ അല്ലാഹ് നമസ്കാരത്തിനു ശേഷം അവരുടെ ജനാസ ഗാഇബും നമസ്കരിക്കുന്നതാണ്.

ആദ്യത്തെ അനുസ്മരണം ഖാദിയാനിലെ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ സ്വദ്റായിരുന്ന മൗലാനാ മുഹമ്മദു കരീമുദ്ദീൻ സാഹിബിനെ കുറിച്ചാണ്. റമളാൻ മാസത്തിൽ കഴിഞ്ഞ ദിവസം അദ്ദേഹം 87-ാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അദ്ദേഹം മൂസ്വിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചതാണ്. ഇദ്ദേഹം വിവിധ സ്ഥലങ്ങളിൽ സ്വകാര്യജോലികൾ ചെയ്തിരുന്നു. ഇവർ ഗ്രാമപ്രദേശത്താണ് താമസിച്ചിരുന്നത്. അവിടെ വിദ്യാഭ്യാസത്തിനുള്ള ശരിയായ സംവിധാനമുണ്ടായിരുന്നില്ല. അതുകൊണ്ട് ഹൈദരാബാദിലെ ചിന്തകുണ്ഡയിലുള്ള സേട്ട് മുഹമ്മദ് മുയീനുദ്ദീൻ സാഹിബ് വിദ്യാഭ്യാസ ആവശ്യാർഥം കരിമുദ്ദീൻ സാഹിബിനെ ഖാദിയാനിൽ അയച്ചു. 1954-ൽ മദ്റസ അഹ്മദിയ്യയിൽ ചേർന്നു. 1957-ൽ പാസാകുകയും പിന്നീട് 1960-ൽ ചണ്ഡിഗഢ് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് മൗലവി ഫാളിൽ പരീക്ഷ പാസാകുകയും ചെയ്തു. തുടർന്ന് ഉപരിപഠനാർഥം റബ്‌വയിലും പോയി. അവിടെ രണ്ടുവർഷം ജാമിഅ അഹ്മദിയ്യായിൽ പഠിച്ച് ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. ഇന്ത്യയിൽനിന്ന് ശാഹിദ് ഡിഗ്രി നേടുന്ന ആദ്യത്തെ മുറബ്ബിയായിരുന്നു അദ്ദേഹം.

ഖാദിയാനിൽ വിവിധ നിലയിൽ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഇതിനിടയിൽ പണ്ഡിതൻ എന്ന നിലയ്ക്ക് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ അംഗവുമായിരുന്നു. 2021-വരെയും ഇതു തുടർന്നു. അഡീഷണൽ നാളിം വഖ്ഫെ ജദീദ് ബേറൂൻ എന്ന നിലയ്ക്കും സേവനം ചെയ്തിട്ടുണ്ട്. രണ്ടുതവണ ജാമിയ അഹ്മദിയ്യായുടെ പ്രിൻസിപ്പാളായിട്ടുണ്ട്. ദാറുൽ ഖളായിൽ സ്വദ്ർ ഖളാ ബോർഡായിരുന്നു. സ്വദ്ർ മജ്‌ലിസ് കാർപർദാസുമായിരുന്നു. 2021-ൽ ഞാൻ അദ്ദേഹത്തെ അഞ്ചുമൻ അഹ്മദിയ്യാ സ്വദ്റായി നിയമിച്ചു. വഫാത്തുവരെയും ഈ പദവിയിൽ തുടർന്നു.

നാളിർ അഅ്‌ലാ ഖാദിയാൻ ഇനാം ഗോറി സാഹിബ് പറയുന്നു: 'പരേതൻ വളരെ ലളിതമായ പ്രകൃതവും, ഉള്ളതിൽ തൃപ്തിപ്പെട്ട് ജീവിക്കുന്ന വ്യക്തിയുമായിരുന്നു.' ഇത് ശരിയാണ്, ഞാനും കണ്ടിട്ടുണ്ട്. ജമാഅത്തിൽനിന്ന് കിട്ടുന്ന വരുമാനത്തിൽ ശുഭ്ര വസ്ത്രധാരിയായി അങ്ങനെ കഴിച്ചുകൂട്ടുകയായിരുന്നു. കടമെടുത്തു ചെലവഴിക്കുന്നതിൽ അദ്ദേഹത്തിന് തീരെ താൽപര്യമുണ്ടായിരുന്നില്ല. വളരെ നല്ല കയ്യക്ഷരമുള്ള ഉന്നത നിലവാരത്തിലുള്ള

**• ഹദീഥുന്നബ്‌വിﷺ •**

**"അല്ലാഹുവിന്റെ ഗ്രന്ഥം ഏറ്റവും നല്ലവണ്ണം അറിയുന്നയാളാണ് ജനങ്ങളുടെ ഇമാമത്ത് (നേതൃത്വം)വഹിക്കേണ്ടത്. വിശുദ്ധ ഖുർആനിനെ കുറിച്ചുള്ള ജ്ഞാനം സമമായിട്ടുള്ളവരാണെങ്കിൽ സുന്നത്തിൽ കൂടുതൽ ജ്ഞാനമുള്ളവൻ."**

**(മിശ്ക്കാത്ത് 4:26)**

ത്വാലിബെ ദുആ

**C. K.MUHAMMED SHAREEF&FAMILY**

AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"സ്വുബ്ഹി നമസ്കാരത്തിനുശേഷം സൂര്യൻ പ്രകാശിക്കുന്നതുവരേയും അസ്വ്ർ നമസ്കാരത്തിനുശേഷം അത് അസ്തമിക്കുന്നതുവരേയും നമസ്കാരത്തെ നബിﷺനിരോധിച്ചിരിക്കുന്നു."** (ബുഖാരി. 9:30)

ത്വാലിബെ ദുആ

**LATE T.K.SIDHIQUE AND FAMILY**

KARULAI, MALAPPURAM

എഴുത്തുകാരനായിരുന്നു. കമ്പോസിംഗ് ഉണ്ടാകുന്നതിനു മുമ്പേവരെയും ബദ്ർപത്രവും ജമാഅത്തിന്റെ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും കയ്യെഴുത്ത് നടത്തുന്നതിന് അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. നല്ല പ്രസംഗകനും പ്രബന്ധരചയിതാവുമായിരുന്നു. ഖാദിയാൻ ജൽസയിലും മറ്റ് ജമാഅത്തുപരമായ തർബിയ്യത്തി പരിപാടികളിലും പ്രസംഗിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. ഖാദിയാനിൽനിന്ന് തൽസമയ സംപ്രേഷണം ചെയ്യുന്ന എം.ടി.എ രാഹേ ഹുദാ പരിപാടിയിൽ നീണ്ട കാലമായി ചോദ്യങ്ങൾക്ക് മറുപടി കൊടുക്കാനും അവസരം ലഭിച്ചിട്ടുണ്ട്. വൃക്കകൾ തകരാറിലായിരുന്നു. ക്ഷീണവുമുണ്ടായിരുന്നു എന്നിട്ടും വളരെ കരുത്തോടുകൂടി തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മാതൃക തീർച്ചയായും അനുകരണീയമാണ്.

കഴിഞ്ഞ 2024-ലെ ഖാദിയാൻ ജൽസയിൽ അധ്യക്ഷപദവിയും അലങ്കരിച്ചിട്ടുണ്ട്. വളരെയേറെ ശാരീരിക ക്ഷീണമുണ്ടായിരുന്നിട്ടും കരുത്തോടുകൂടി അദ്ദേഹം മൂന്നു ദിവസവും പങ്കെടുത്തു. ഉദ്ഘാടനം ചെയ്തു. അതുപോലെ കഴിഞ്ഞ ശൂറയിലും അദ്ദേഹം അധ്യക്ഷത വഹിച്ചിരുന്നു. അദ്ദേഹത്തിന് അല്ലാഹു നീണ്ട 62 വർഷം ജമാഅത്തുപരമായ സേവനത്തിന് അവസരം നൽകി. ജീവിതത്തിന്റെ അവസാന നാളുകളിൽ വീട്ടുകാരോടു അദ്ദേഹം പറഞ്ഞു: "ഞാൻ ജനിച്ചത് റമളാൻ മാസത്തിലാണ് നോക്കുക, എന്റെ മരണവും റമളാനിൽത്തന്നെയായിരിക്കും." അങ്ങനെ പരിശുദ്ധ റമളാൻ 27-ാം തീയതി അദ്ദേഹം വഫാത്തായി. ഞാൻ പറഞ്ഞു വന്നതുപോലെ കഠിനാധ്വാനിയും വിനയമുള്ള ആളുമായിരുന്നു. തന്റെ ജോലികൾ സ്വന്തം ചെയ്യാനെപ്പോഴും ശ്രമിച്ചിരുന്നു. ആർക്കുമേലും അദ്ദേഹം ഭാരമാകാൻ ഇഷ്ടപ്പെട്ടില്ല. വ്യക്തിപരമായ കാര്യങ്ങളും സ്വന്തമായിത്തന്നെ നിർവഹിച്ചു. കർമയോഗിയായ പണ്ഡിതനായിരുന്നു. വഖ്ഫു സംബന്ധിച്ച് ചെയ്ത പ്രതിജ്ഞ അദ്ദേഹം യഥാവിധി നിറവേറ്റുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ആദ്യ വിവാഹം ഇക്ബാൽ ബേഗം സാഹിബയുമായിട്ടായിരുന്നു. 2 ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. അവർ മരണപ്പെട്ടതിനുശേഷം രണ്ടാമത്തെ വിവാഹം കഴിച്ചു. അദ്ദേഹത്തിന്റെ ആൺമക്കൾക്കും ജാമാതാക്കൾക്കും മറ്റും ജമാഅത്തുപരമായ സേവനത്തിനു സൗഭാഗ്യം കിട്ടിക്കൊണ്ടിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന്റെ തലമുറയിലും അദ്ദേഹത്തിന്റെ ദീനി സേവനത്തിനുള്ള ത്വര നിലനിറുത്തുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം കാനഡ ഖളാ ബോർഡ് സ്വദ്ർ അബ്ദുർറശീദ് സാഹിബിനെ കുറിച്ചാണ്. അദ്ദേഹം റിട്ടയർമെന്റായിരുന്നു. 75-മത്തെ വയസ്സിൽ കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ മൂസ്വിയായിരുന്നു.

അദ്ദേഹത്തിന്റെ പിതാവ് 1945-നടുത്ത് മൗലാന ഥനാഉല്ലാഹ് അമൃതസരി, മൗലാനാ അബുൽ അഅ്ലാ മൗദൂദി, മൗലാനാ മുഹമ്മദലി എം.എ എന്നിവരുമായി ദീർഘമായ സംസാരങ്ങളും പഠനങ്ങളും ചർച്ചകളും നടത്തി പൂർണമായും ന്യായപൂർത്തി വന്നതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിﷺയുടെ പരിശുദ്ധ കരങ്ങളിൽ ബയ്അത്തുചെയ്തു. അദ്ദേഹം തന്റെ ഗ്രാമത്തിലെ ഏക അഹ്മദിയായിരുന്നു. ഗ്രാമക്കാർ മതപരമായ ഭിന്നത ഉണ്ടായിട്ടുപോലും അദ്ദേഹത്തെ വളരെയേറെ ആദരിച്ചിരുന്നു. റബ്‌വ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽനിന്ന് ബി. എ പാസായ ശേഷം ജാമിഅയിൽ പ്രവേശിച്ചു. ജീവിതം വഖ്ഫു ചെയ്തു. 1975-ൽ കർമരംഗത്തിറങ്ങി. ആദ്യം പാക്കിസ്താനിൽത്തന്നെ പ്രാദേശികമായി നിയമനങ്ങൾ നടന്നു. പിന്നീട് അമേരിക്ക, കാനഡ, ഗ്വാട്ടിമാല തുടങ്ങിയ സ്ഥലങ്ങളിലും സേവനം ചെയ്തിട്ടുണ്ട്. ദക്ഷിണാഫ്രിക്കയിൽ നാഷണൽ പ്രസിഡണ്ടായും ഇൻചാർജ് മിഷണറിയായും സേവനം ചെയ്തു. ഗ്വാട്ടിമാലയിലും ദക്ഷിണ കൊറിയയിലും ഇൻചാർജ് മുബലിഗും നാഷണൽ സ്വദ്റുമായിരുന്നു. ജാമിയ അഹ്മദിയ്യയിൽ വൈസ് പ്രിൻസിപ്പാളായും സേവനം ചെയ്തിട്ടുണ്ട്. അതോടൊപ്പം അദ്ദേഹം അവിടെ തഫ്സീറുൽ ഖുർആൻ ക്ലാസും ഖുർആൻ പഠന ക്ലാസുകളുമെടുക്കുകയും ചെയ്തിരുന്നു. 2017-ൽ അദ്ദേഹത്തെ കാനഡ സ്വദ്ർ ഖളാ ബോർഡായി നിയമിച്ചു. 2023-വരെയും ഈ സേവനം ചെയ്തുകൊണ്ടിരുന്നു. ഗ്വാട്ടിമാലയിൽ പോയപ്പോൾ അവിടെയുണ്ടായിരുന്ന ബുദ്ധമത ആത്മീയ നേതാവ് ദലൈലാമയുമായി സംസാരിക്കുകയും അദ്ദേഹത്തിന് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്. അദ്ദേഹത്തിന്റെ മകൻ ഖാസിം റശീദ് സാഹിബ് പറയുന്നു: "ജമാഅത്തിനെ വളരെയേറെ ആദരിച്ചിരുന്നു. അതിന്നെതിരിലെന്തെങ്കിലും സംസാരിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അതിനെതിരിൽ ഒരു കാര്യവും അദ്ദേഹത്തിന് സഹിക്കാൻ കഴിയുമായിരുന്നില്ല. ജമാഅത്ത് സംവിധാനത്തിനുമേൽ ഉയരുന്ന ഏത് ആക്ഷേപത്തിനും അദ്ദേഹം മറുപടി കൊടുക്കുമായിരുന്നു. ആക്ഷേപകന്റെ വർത്തമാനങ്ങൾ മുഴുവനും കേട്ട് അയാൾക്ക് തെറ്റ് ബോധ്യപ്പെടുത്തി കൊടുക്കുമായിരുന്നു." പറയുന്നു: "ഞാനെന്റെ ജീവിതത്തിലെപ്പോഴും പിതാവിനെ ജമാഅത്തായി നമസ്കരിക്കുന്നത് പ്രത്യേകിച്ചും തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നത് കണ്ടിട്ടുണ്ട്. രോഗം എത്ര മൂർച്ഛിതാവസ്ഥയിലാണെങ്കിലും നമസ്കാരങ്ങൾ ജമാഅത്തായി അനുഷ്ഠിക്കാൻ ശ്രമിച്ചിരുന്നു. അവസാന രോഗാവസ്ഥയിലും ഇതുതന്നെയായിരുന്നു സ്ഥിതി. അദ്ദേഹം അവസാന വർഷങ്ങളിൽ വളരെയേറെ രോഗിയായിരുന്നു. പക്ഷേ, വളരെ ക്ഷമയോടും നന്ദിയോടും കൂടി ഈ രോഗാവസ്ഥയും തരണം ചെയ്തു. അൽഹംദുലില്ലാഹ് എന്നുതന്നെ പറഞ്ഞിരുന്നു. അതിനാണ് അദ്ദേഹം ശ്രമിച്ചിരുന്നതും. തന്റെ മക്കളോട് എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാൻ ഉപദേശിച്ചിരുന്നു. ഞാൻ സോഷ്യൽ മീഡിയയിലെപ്പോഴും ഖിലാഫത്തിനെ സംബന്ധിച്ച് വളരെ അഭിമാനത്തോടെയും നിർഭയനായും എഴുതണമെന്ന കാര്യത്തിൽ അദ്ദേഹം പ്രോത്സാഹനം നൽകിയിരുന്നു. കാരണം ഇത് മാത്രമാണ് മുസ്‌ലിം ലോകത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യത്തിലുള്ള യഥാർഥ മാർഗം എന്ന് അദ്ദേഹം പറയുമായിരുന്നു. അദ്ദേഹം വഖ്ഫു യഥാവിധി നിറവേറ്റിക്കാണിച്ചു. 1980,90 കാലങ്ങളിൽ എം.ടി.എ സ്ഥായിയായി തുടങ്ങുന്നതിനു മുമ്പേ അക്കാലത്ത് പദ്ധതികളിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിയിന്റെയും ഹദ്റത്ത് ഖലീഫതത്തുൽ മസീഹ് ഥാലിഥിന്റെയും ഖുത്ബകൾ ജനങ്ങൾക്കെത്തിച്ചു കൊടുക്കുമായിരുന്നു.

24 മുതൽ 48 മണിക്കൂറിനുള്ളിൽത്തന്നെ ഖുത്ബകൾ കോപ്പിയെടുത്ത് അതിന്റെ ഡ്യൂപ്ലിക്കേറ്റ് തയ്യാറാക്കി ജനങ്ങളിലേക്കെത്തിക്കുന്നതിന് ശ്രമിച്ചിരുന്നു. അങ്ങനെ ജനങ്ങൾക്ക് ഒരു ബന്ധം നിലനിൽക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അദ്ദേഹത്തിന്റെ സഹോദരി പുത്രൻ മൻസ്വൂർ നൂറുദ്ദീനും റബ്‌വയിൽ മുറബ്ബിയാണ്. അദ്ദേഹം പറയുന്നു: ഏകദേശം 53 വർഷം വഖ്ഫിന്റെ ഉത്തരവാദിത്വങ്ങൾ വളരെ ആത്മാർഥതയോടും കൂറോടും കൂടി അദ്ദേഹം നിറവേറ്റി. പറയുന്നു: അദ്ദേഹം നിർലോഭം ജമാഅത്ത് സംവിധാനത്തിനോടു ബന്ധവും അതിന്റെ പ്രൗഢിക്ക് അനുസരിച്ചുള്ള പ്രാതിനിധ്യവും യഥാവിധി നിർവഹിച്ചു. കാലത്തിന്റെ ഖലീഫയുടെ അനുസരണമുള്ള സ്നേഹമുള്ള വ്യക്തിയായിട്ടാണ് അദ്ദേഹത്തെ കാണാൻ കഴിഞ്ഞിട്ടുള്ളത്.

ജാമിഅയിൽ നിയമിതനായപ്പോൾ അവിടെ ക്ലാസെടുക്കാൻ നല്ലവണ്ണം തയ്യാറാകുമായിരുന്നു. കാരണം നല്ല വിദ്യാർഥികളും നല്ല മുറബ്ബിമാരും നല്ല മുബല്ലിഗുമാരുമാകണമെന്ന് ജാമിയയിലെ കുട്ടികൾ ആഗ്രഹിച്ചിരുന്നു. കാലത്തിന്റെ ഖലീഫ തന്നിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തന്നെ ജാമിയയിലെ കുട്ടികളെ പഠിപ്പിക്കാൻ നിയോഗിച്ചിരിക്കുകയാണ്. അതുകൊണ്ട് പ്രസ്തുത വിശ്വാസത്തെ നിറവേറ്റേണ്ടത് തന്റെ ബാധ്യതയാണെന്ന് പറഞ്ഞിരുന്നു. മുറബ്ബി മിർസാ മുഹമ്മദ് അഫ്ളൽ സാഹിബ് പറയുന്നു: നല്ല സ്വഭാവമുള്ള ആളായിരുന്നു, കഠിനാധ്വാനിയും പക്വമതിയുമായ വാഖ്ഫെ സിന്ദഗിയായിരുന്നു. ജമാഅത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും മുന്തിക്കുമായിരുന്നു. സഹായിക്കുന്ന കാര്യത്തിൽ ഒട്ടും അമാന്തം കാണിച്ചിരുന്നില്ല.

അബ്ദുന്നൂർ ആബിദ് സാഹിബ് പറയുന്നു: ഞങ്ങൾക്ക് തഫ്സീറുൽ ഖുർആനാണ് പഠിപ്പിച്ചിരുന്നത്. വളരെയേറെ സ്നേഹത്തോടെയും അധ്വാനത്തോടെയുമാണ് പഠിപ്പിച്ചിരുന്നത്. ഒരുപാട് നോട്ടുകൾ എഴുതിക്കുമായിരുന്നു. വളരെ ശ്രദ്ധാപൂർവ്വം അത് പരിശോധിക്കുകയും ചെയ്തിരുന്നു. അദ്ദേഹം പഠിപ്പിച്ചിരുന്ന നോട്ട്സുകൾ ഇന്നും പ്രയോജനപ്പെടുന്നു. അല്ലാഹു അദ്ദേഹത്തോടു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം സിൻഡിലെ ഹൈദരാബാദ് ജില്ല അമീർ മിർസ ഇംതിയാസ് അഹ്മദ് സാഹിബി(ഇബ്നു മിർസ നസ്വീർ അഹ്മദ് സാഹിബി)ന്റേതാണ്. കഴിഞ്ഞദിവസം ഇദ്ദേഹവും വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പിതാമഹൻ അലംദീൻ സാഹിബ് മുഖേനയാണ് ജമാഅത്തെത്തിയത്. അദ്ദേഹത്തിന് ഒന്നാം ഖിലാഫത്തു കാലത്ത് ആദ്യം രേഖാമൂലവും പിന്നെ ഖാദിയാൻ ജൽസയിലെത്തി നേരിട്ടും ഹുദൂറിന്റെ കൈകളിൽ ബയ്അത്ത് ചെയ്യാൻ


**• ഹദീഥുന്നബ്‌വിﷺ •**

"നിങ്ങൾ നിങ്ങളുടെ നമസ്കാരത്തിന് കരുതിക്കൂട്ടി സൂര്യോദയത്തിനും സൂര്യാസ്തമയത്തിനും കാത്തിരിക്കരുത്.'
'(ബുഖാരി: 9:30)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

"ആരൊരുവൻ ഒരു നമസ്കാരം മറന്നുപോകുന്നുവോ, അവന് അത് ഓർമവരുമ്പോൾ നമസ്കരിക്കട്ടെ. അതിനു പരിഹാരം ഇതല്ലാതെ മറ്റൊന്നില്ല. എന്റെ (ദൈവത്തിന്റെ) ദൈവസ്മരണക്കായി നമസ്കാരം നിലനിറുത്തുക."
(ബുഖാരി. 9:37)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

തൗഫീഖ് ലഭിച്ചു. മിർസാ ഇംതിയാസ് സാഹിബ് ബി.എ പഠനത്തിനുശേഷം പ്രൈവറ്റായി കച്ചവടം തുടങ്ങി, മെഡിക്കൽ സ്റ്റോർ തുറന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യുവത്വ കാലം മുതൽ ജീവിതത്തിന്റെ അവസാന ഘട്ടംവരെയും ദീനീ സേവനത്തിനും സൗഭാഗ്യം ലഭിച്ചു കൊണ്ടിരുന്നു, കൃത്യമായി തഹജ്ജുദ് നമസ്കരിക്കുകയും സാധുക്കളെയും ആവശ്യക്കാരെയും ആരുമറിയാതെ സഹായിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ മകനെഴുതുന്നു: "ഞങ്ങളുടെ പിതാവിന്റെ ജനാസയിൽ പ്രസഞ്ചർചാങ്ക് എന്ന സ്ഥലത്തുനിന്നു വന്ന ശിയാവിശ്വാസിയായ ഒരു സുഹൃത്ത് പറഞ്ഞു: എനിക്ക് നമസ്കാര രീതിയോ നോമ്പിനെക്കുറിച്ചോ അറിവുണ്ടായിരുന്നില്ല. ഇസ്ലാമിന്റെ അധ്യാപനമോ മര്യാദകളോ അറിയുമായിരുന്നില്ല. ഇദ്ദേഹം എനിക്ക് നമസ്കാരം പഠിപ്പിച്ചുതന്നു. നോമ്പ് പിടിക്കാനും അദ്ദേഹമാണ് പഠിപ്പിച്ചത്. പക്ഷേ, ഇന്ന് ഞങ്ങൾ അവിടെ അമുസ്ലിം എന്നാണ് അറിയപ്പെടുന്നത്!!

പറയുന്നു: അതിനുശേഷം ഞാനൊരിക്കലും നമസ്കാരം ഉപേക്ഷിച്ചിട്ടില്ല. കൃത്യമായി ഇബാദത്തുകൾ അനുഷ്ഠിക്കുന്നു. മുറബ്ബി മിർസ മഗ്ഹൂദ് സാഹിബ് പറയുന്നു: സൽപ്രകൃതവും വിശ്വസ്തതയും ഉന്നത സ്വഭാവവും കാരണം വളരെ നല്ല ബന്ധമായിരുന്നു. അനഹ്മദികൾ തങ്ങളുടെ അമാനത്തുകൾ സൂക്ഷിക്കാൻ അദ്ദേഹത്തെ ഏൽപ്പിച്ചിരുന്നു. ഹൈദരാബാദ് ജില്ലാ മുൻ ഖാഇദ് ശഹ്ബാസ് സാഹിബ് പറയുന്നു: വിശ്വസ്തനും വിനീതനും മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്നയാളും ഖിലാഫത്തിനെ വളരെയേറെ സ്നേഹിക്കുന്ന ആളുമായിരുന്നു. ജമാഅത്തുപരമായ സംവിധാനത്തിൽ വളരെ അഭിമാനിക്കുന്ന ദേഹമായിരുന്നു. രോഗികളുടെ പക്കൽ പൈസയില്ലെങ്കിൽ സൗജന്യമായി മരുന്നുകളും കൊടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിന്റെ ദുഃഖത്തിൽ പങ്കെടുക്കാൻ വന്നിരുന്ന ഒരുപാടാളുകൾ, അദ്ദേഹം പോയതോടുകൂടി നമ്മുടെ നാട്ടിൽ ഒരു വലിയ വിടവുണ്ടായെന്ന് പറയുന്നുണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

അടുത്ത അനുസ്മരണം അൽഹാജ് മുഹമ്മദ് അൽ അറബി സാഹിബിന്റേതാണ്. അൾജീരിയ നിവാസിയായിരുന്നു. കഴിഞ്ഞ ദിവസം 82-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അൾജീരിയക്കാരൻ ആയിരുന്നുവെങ്കിലും ഫ്രാൻസിലാണ് താമസിച്ചിരുന്നത്. 2015-ലെ യു.കെ ജൽസയിൽ ഭാര്യയോടൊപ്പം അതിഥിയായി ഇവിടെ വന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബയ്അത്ത് ചെയ്താണ് തിരിച്ചു പോയത്. നേരത്തെയും ഇവിടെ വന്നിട്ടുള്ളതുപോലെ ആദ്യംതന്നെ അദ്ദേഹം ഈ സ്ഥലത്തോടു ഒരു പ്രത്യേക സ്നേഹം പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം പറയുന്നു: ഞാൻ വർഷങ്ങളായി ഈ സ്ഥലം പലപ്രാവശ്യം സ്വപ്നത്തിൽ കണ്ടിരുന്നു. ബയ്അത്തിന് ഒരു ദിവസം മുമ്പേയും അദ്ദേഹം ഇങ്ങനെ ഒരു സ്വപ്നം കണ്ടു. അതനുസരിച്ച് അദ്ദേഹം ഭാര്യയോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ ചേരാൻ തീരുമാനമെടുത്തു.

ഈ ജനാസയിൽ ഫ്രാൻസിൽനിന്ന് അദ്ദേഹത്തിന്റെ കുടുംബത്തിൽപ്പെട്ട അഹ്മദികളും അനഹ്മദികളുമായ 35 പേർ വന്നിരുന്നു. അതിൽ എട്ടുപേർ അദ്ദേഹത്തെ തുടർന്ന് ജൽസയ്ക്കിടയിൽ ബയ്അത്ത് ചെയ്തു. അദ്ദേഹം തന്റെ മക്കളെ ദീനീ കാര്യങ്ങൾ പഠിപ്പിക്കാൻ വളരെയേറെ ശ്രമിച്ചിട്ടുണ്ട്. നമസ്കാരവും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളും നൽകുന്നതിനുവേണ്ടി സ്കൂളുകളിൽ അഡ്മിഷൻ വാങ്ങി. അദ്ദേഹത്തിന്റെ മക്കൾക്ക് അദ്ദേഹത്തെക്കാളും മുമ്പേ ബയ്അത്ത് ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു. മക്കൾ പറയുന്നു: "പിതാവ് ഞങ്ങൾക്ക് ദീനി വിദ്യാഭ്യാസം നൽകിയിരുന്നു. അത് ഞങ്ങൾക്ക് ദീനിനോടു വളരെയേറെ അടുപ്പവും അനുസരണവുമുണ്ടാക്കുന്നതിന് കാരണമായി. അങ്ങനെ അതുമുഖേന അഹ്മദിയ്യത്ത് സ്വീകരിക്കാൻ എളുപ്പമായി. അദ്ദേഹത്തിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ മൂത്ത മകൻ മുഹമ്മദുബിൽഅറബി മുഖേനയാണ് ജമാഅത്തെത്തിയത്. ഒരു ദിവസം സാറ്റലൈറ്റ് ചാനൽ ട്യൂൺ ചെയ്യുമ്പോൾ പെട്ടെന്ന് എം.ടി.എ ചാനൽ മുമ്പിൽ വന്നു. അതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിയിനെ(റഹ്)കാണാനിടയായി. അദ്ദേഹം പിന്നീട് അഹ്മദിയ്യത്തിനേയും പ്രത്യേകിച്ച് ഈസാ നബിയുടെ വഫാത്തിനേയും സംബന്ധിച്ച് വളരെ ആഴത്തിൽ പഠിച്ചു. ഒടുവിൽ 1995-ലെ യു.കെ ജൽസയിൽ അദ്ദേഹം ബയ്അത്ത് ചെയ്തു. പിന്നീട് ഏകദേശം 20 വർഷത്തിനു ശേഷമാണ് പിതാവ് ബയ്അത്ത് ചെയ്തത്. മകൻ നേരത്തെതന്നെ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹം ഫ്രാൻസിൽനിന്ന് അൾജീരിയയിൽ വന്നു കൊണ്ടിരുന്നു. അൾജീരിയയിൽ അദ്ദേഹത്തിന്റെ വീട്ടിൽ 2017-ൽ പോലീസ് റെയ്ഡ് നടത്തി. അദ്ദേഹത്തിന്റെ മക്കളെ അഹ്മദിയാണെന്ന കാരണം പറഞ്ഞ് അറസ്റ്റ് ചെയ്തു. അതിൽ അദ്ദേഹം വളരെ ധൈര്യമാണ് പ്രകടിപ്പിച്ചത്. പോലീസ് സ്റ്റേഷനിലെത്തിപ്പോൾ അദ്ദേഹത്തോടു നിങ്ങൾ അഹ്മദിയാണോ എന്ന് ചോദിച്ചു. അദ്ദേഹം ഒരു കൂസലും കൂടാതെ അൽഹംദുലില്ലാഹ് താൻ അഹ്മദിയാണെന്ന് പറഞ്ഞു. അദ്ദേഹം പറയുന്നു: പിതാവ് നിയമത്തെ ആദരിച്ചിരുന്നു, നിയമം അനുവദിക്കുമ്പോൾ അദ്ദേഹത്തിന്റെ വീട് ആദ്യത്തെ അഹ്മദിയ്യ കേന്ദ്രമായിരിക്കുമെന്നും പറഞ്ഞിരുന്നു. അദ്ദേഹം അത് വളരെ ധൈര്യത്തോടെ തുറന്നു പ്രഖ്യാപിക്കുകയും ചെയ്തു. ഖിലാഫത്തിനോടും കാലത്തിന്റെ ഖലീഫയോടും വളരെയേറെ സ്നേഹമായിരുന്നു. വർഷങ്ങളോളം ഫ്രാൻസിൽ അദ്ദേഹത്തിന്റെ വീട്ജമാഅത്തിന്റെ വിവിധ പരിപാടികളുടേയും ജുമുഅ നമസ്കാരത്തിന്റേയും സെന്ററായിരുന്നു.

അൽഹാജ് മുഹമ്മദുബിൽ അറബി സാഹിബിന്റെ സന്തപ്ത കുടുംബത്തിൽ 81 വയസ്സുള്ള ഭാര്യയും 8 മക്കളുമുണ്ട്. അതിൽ ഏഴു മക്കളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളാണ്. ഒരു മകൻ തബ്ലീഗ് സെക്രട്ടറിയും ഫ്രാൻസിലെ അറബി ഡെസ്ക് ഇൻചാർജുമാണ്. പെൺമക്കളും ദീനി സേവനത്തിൽ വ്യാപൃതരാണ്. അൾജീരിയായിലെ ഒരു അഹ്മദി എഴുതുന്നു: മുഹമ്മദ് സാഹിബ് വളരെ ശുദ്ധഹൃദയനും ധർമ്മിഷ്ഠനുമായിരുന്നു. കാലത്തിന്റെ ഇമാമിനെ മനസ്സിലാക്കാനും വിശ്വസിക്കാനും തൗഫീഖ് ലഭിച്ചതിലെപ്പോഴും അല്ലാഹുവിനോടു നന്ദി പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം പറയുന്നു: "കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്തശേഷം എന്റെ ഈമാൻ സുദൃഢമാവുകയും വിശ്വാസം കൂടുതൽ ഉറയ്ക്കുകയും ചെയ്തു."

അൾജീരിയ അൻസ്വാറുല്ലാഹ് സ്വദ്ർ പറയുന്നു: അദ്ദേഹം ജമാഅത്തിന്റെ എല്ലാ പ്രോഗ്രാമിനും മീറ്റിങ്ങിനും വേണ്ടി തന്റെ വീട് സമർപ്പിച്ചിരുന്നു. മാത്രമല്ല വീടിന്റെ ഒരു ഭാഗം നമസ്കാര സെന്ററാക്കിയിരുന്നു. മറ്റൊരു അഹ്മദി പറയുന്നു: അല്ലാഹുവുമായി അദ്ദേഹത്തിന് പ്രത്യേകമായ ബന്ധവുമുണ്ടായിരുന്നു. തഖ്‌വയുടെ കാര്യത്തിൽ അദ്ദേഹം മാതൃകയായിരുന്നു. അദ്ദേഹം എല്ലാ അവസ്ഥയിലും നമസ്കാരമനുഷ്ഠിക്കാൻ തിടുക്കം കാണിച്ചിരുന്നു. എത്രത്തോളമെന്നാൽ കഠിനമായ രോഗാവസ്ഥയിലും നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. വളരെ ആർദ്രതയോടെ ഉറച്ച വിശ്വാസത്തോടെ അല്ലാഹുവിനോടു പ്രാർഥിക്കുമായിരുന്നു. അല്ലാഹു പരേതനോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം ഹൈദരാബാദ് ജില്ലയിലെ കോട്ടരി എന്ന സ്ഥലത്തെ മുഹമ്മദ് അശ്റഫ് സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞദിവസം എഴുപതാമത്തെ വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ*. കോംഗോയിലെ മുറബ്ബി നവീദ് അശ്റഫ് സാഹിബിന്റെ പിതാവാണ്. ഫീൽഡിലായതുകൊണ്ട് അദ്ദേഹത്തിന് പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല.

അദ്ദേഹത്തിന്റെ കുടുംബത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് നൂർ ഇലാഹി സാഹിബ്(റ)മുഖേനയാണ് അഹ്മദിയ്യത്തെത്തിയത്. ഇദ്ദേഹം പരേതന്റെ പിതാമഹനാണ്.

കോംഗോ മുറബ്ബി നവീദ് അശ്റഫ് സാഹിബ് എഴുതുന്നു: പിതാവിന് ദീനിനോടുള്ള സ്നേഹം തന്റെ പിതാമഹന്മാർ മുഖേന രക്തത്തിൽ അലിഞ്ഞുചേർന്നതായിരുന്നു. വളരെയേറെ സൽപ്രകൃതമുള്ള വളരെയേറെ ദുആ ചെയ്യുന്ന, ഖിലാഫത്തിനോട് അടുത്ത ബന്ധം പുലർത്തുന്ന വ്യക്തിയായിരുന്നു. വിവിധ നിലകളിൽ ജമാഅത്ത് സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. വളരെയേറെ അധ്വാനിയും അതിഥിസൽക്കാരപ്രിയനുമായിരുന്നു. 1992-ൽ ഏതാനും ദിവസം അസീറെ റാഹെ മൗലാ (ദൈവമാർഗത്തിലെ തടവുകാരൻ) ആകാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. വിശുദ്ധഖുർആനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും പദ്യങ്ങളും വളരെയേറെ സ്നേഹത്തോടെ പാരായണം ചെയ്തിരുന്നു. കേൾക്കുന്നവരുടെ മനം കവർന്നിരുന്നു. നല്ല ശബ്ദമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിൽ ജമാഅത്തിന്റെ ഒരു കഠിന ശത്രുവും അനുശോചനം അറിയിക്കാൻ വന്നിരുന്നു. അയാൾ പറഞ്ഞു: 'ഇദ്ദേഹം വളരെയേറെ സൽപ്രകൃതനും നല്ല

ശേഷം പേജ് 11 ൽ

പേജ് 1 ൽ നിന്ന്

തിളക്കവും പ്രകാശവും ലഭിക്കുന്നു. മറ്റുള്ളവർക്ക് ലഭിക്കുന്നില്ല."*(തഫ്സീറെ കബീർ, വാള്യം 4, പേജ് 137, പ്രസാധനം ഖാദിയാൻ 2010)*

## • ഹദീഥുന്നബവിﷺ •

**"ഹദ്റത്ത് ആഇശ(റ) തന്റെ മുറിയുടെ ഒരു ഭാഗം ചെമന്ന കമ്പിളികൊണ്ട് മറച്ചിരുന്നു. നബിﷺതിരുമേനി പറഞ്ഞു: നിന്റെ വിരി നമ്മിൽനിന്ന് മാറ്റുക. കാരണം നമസ്കാരത്തിൽ അതിലെ ചിത്രങ്ങൾ നമ്മുടെ മുമ്പിൽ വരുന്നു."** (ബുഖാരി. 8:15)

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

## • ഹദീഥുന്നബവിﷺ •

**"നമസ്കരിക്കുന്ന ഒരാളെ മറികടക്കുന്നയാൾ, അയാളിലുള്ള ചുമട് എന്താണെന്ന് അറിഞ്ഞിരുന്നെങ്കിൽ അയാളെ മറികടക്കുന്നതിനെക്കാൾ നാൽപതു (ദിവസം) അയാൾ കാത്തിരിക്കുമായിരുന്നു."** (ബുഖാരി. 8:101)

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

## അനുഗൃഹീത റമളാനിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്﵇ന്റെ ജ്ഞാനനിർഭരമായ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ ജമാഅത്തംഗങ്ങൾക്ക് ഉപദേശം.

**ഖുത്‌ബ ജുമുഅ 2025 മാർച്ച് 28, 1404 അമാൻ 28,**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

(ബദ്ർ വാല്യം 10 ലക്കം 18 പേജ് 11 കോളം 4-ൽ നിന്ന് തുടർച്ച)

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്‌മദ്**
**ایدہ اللہ تعالی بنصرہ العزیز**

ആ മഹാത്മാവ് പറയുന്നു: “ഇന്നത്തെ ലോകത്തിന്റെ അവസ്ഥയെന്തെന്നാൽ അല്ലാഹുവിന്റെ കൽപ്പനകൾക്ക് മഹത്ത്വം നല്കുന്നില്ല. കടമകളും ഉപദേശങ്ങളും ഗൗനിക്കുന്നില്ല. അല്ലാഹു എന്ത് ഉപദേശമാണോ നൽകിയിട്ടുള്ളത്, അതിനെ വകവെക്കുന്നതേയില്ല.” അവിടന്ന് പറയുന്നു: “ഭൗതികതയിലും അതിന്റെ കർമങ്ങളിലും അതിരുവിട്ട് മുഴുകിയിരിക്കുകയാണ്. നമ്മൾ സ്വയം വിലയിരുത്തുകയാണെങ്കിൽ നമ്മളും ഈ ലോകത്തിന്റെ കാര്യങ്ങളിൽ ഒരുപാട് മുഴുകിയിരിക്കുന്നതായി കാണാൻ കഴിയുന്നതാണ്. ചില സമയത്ത് നമ്മൾ നമസ്കരിക്കാൻ മറന്നുപോകുന്നു. ചിലർ ജുമുഅ പോലും പരിഗണിക്കുന്നില്ല. ചിലർ മറ്റു നന്മകൾ ഗൗനിക്കുന്നില്ല. സ്വന്തം അവകാശങ്ങൾ നേടുന്നതിനു വേണ്ടി മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കാൻ ശ്രമിക്കുന്നു. അതിനാൽ ഇക്കാര്യങ്ങളൊന്നും തന്നെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ളവയല്ല. ഒരു ഭാഗത്ത് നമ്മൾ റമളാനിൽ ദുആകൾ ചെയ്യുന്നു. അല്ലാഹു നമുക്ക് നന്മകൾ ചെയ്യാൻ തൗഫീഖ് തരണമെന്ന് പ്രാർഥിക്കുന്നു. നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. അങ്ങനെയാകുമ്പോൾ അല്ലാഹു പറഞ്ഞ കാര്യങ്ങളെ നമ്മൾ പ്രാവർത്തികമാക്കേണ്ടതുമാണ്. പരിശ്രമിക്കേണ്ടതായുംവരും. വെറും ദുആകൾകൊണ്ട് കാര്യമില്ല.” ആ മഹാത്മാവ് പറഞ്ഞു: “ഭൗതികതയിലാണ്ടു കിടക്കുന്നവരാണ് ഭൗതികമായി നഷ്ടങ്ങൾ വരുമ്പോൾ ഒരുപാട് അസ്വസ്ഥരാവുകയും കരഞ്ഞു വിലപിക്കുകയും ചെയ്യുന്നത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഭൗതികതയുടെ നഷ്ടങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിനോടുള്ള കടമകൾ ഒഴിവാക്കുന്നു. ഭൗതികമായ നഷ്ടങ്ങളുണ്ടാകരുത്. അല്ലാഹുവിനോടുള്ള കടമകൾ ചെയ്യാൻ കഴിഞ്ഞാലുമില്ലെങ്കിലും(ഭൗതിക കാര്യങ്ങളിൽ) വ്യത്യാസം ഉണ്ടാകരുതുപോലും! അല്ലാഹു പറഞ്ഞ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ല. ജനങ്ങളുടെ അവകാശങ്ങൾ നൽകുന്നില്ല. കേസും കൂട്ടവുമായി നടക്കുന്നു. തെറ്റായ രീതിയിലുള്ള കേസുകളുണ്ട്. പിന്നെ പരസ്പരം ചെറുതാക്കി കാണിക്കുന്നതിനുവേണ്ടി തെറ്റായ തെളിവുകൾ നൽകുകയും വക്കീൽമാർ പറയുന്നതനുസരിച്ച് തെറ്റായ തെളിവുകൾ സമർപ്പിക്കുകയും ചെയ്യുന്നു. വക്കീൽമാരും വ്യാജ തെളിവുകൾ നൽകാൻ ശ്രമിക്കുന്നു. കള്ള സാക്ഷ്യങ്ങൾ നൽകുന്നു. അങ്ങനെയിരിക്കെ അല്ലാഹു എങ്ങനെയാണ് നമ്മോടൊപ്പമുണ്ടാകുക? അല്ലാഹു നമ്മോടൊപ്പമുണ്ടാകണമെങ്കിൽ നന്മയിലേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. അല്ലാഹുവിന്റെ കൽപ്പനകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണം. അവിടന്ന് പറയുന്നു: ദുർബലരായിരിക്കുമ്പോൾ തിന്മകൾ ചെയ്യാൻ ധൈര്യമുണ്ടാകുന്നില്ല. അല്ലാഹുവിലേക്ക് തിരിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ, അവസരങ്ങൾ കിട്ടുമ്പോൾ വളരെ പെട്ടെന്നുതന്നെ കളവും ദോഷവും ചെയ്തു തുടങ്ങുന്നു. അതായത് എളുപ്പങ്ങളുണ്ടാകുമ്പോൾ പ്രയാസമില്ലാത്ത അവസ്ഥ വരുമ്പോൾപ്പിന്നെ അല്ലാഹുവാണ് നമുക്ക് ഈ എളുപ്പവും ഈ സുഭിക്ഷതയും നൽകിയതെന്നോ അതിനുമുമ്പേയുള്ള നമ്മുടെ അവസ്ഥ എന്തായിരുന്നുവെന്നോ ഒന്നും ഓർക്കുന്നില്ല. അല്ലാഹുവിനോടുള്ള നന്ദിപ്രകടനമെന്നത് ഈ നന്മകളെ തുടർന്നുകൊണ്ടു പോവുക എന്നതാണ്. നമ്മുടെ ദുർബലാവസ്ഥയിൽ നമുക്കുണ്ടായിരുന്ന നന്മകളെ അല്ലാഹുവിന്റേയും അവന്റെ ദാസരുടെയും അവകാശങ്ങളെ ധ്വംസിക്കാൻ ശ്രമിക്കരുത്. അവകാശങ്ങൾ ധ്വംസിക്കുകയാണെങ്കിൽ അതിന്റെ അർഥം സത്യസന്ധമായ തഖ്‌വാ ഇല്ലെന്നാണ്.” ആ മഹാത്മാവ് പറയുന്നു: “സത്യസന്ധമായ തഖ്‌വാ ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ ചെയ്യുന്നതല്ല. ഒരുപാട് കാര്യങ്ങൾ ഹദീഥുകളിലുണ്ട്. അനുഗ്രഹങ്ങളെ പറ്റി പറയുന്നുണ്ട്. പക്ഷേ, വിശ്വാസവും കർമപരമായ അവസ്ഥകളും ഒരിക്കലുമുണ്ടാകുന്നില്ല. അതായത് ചിലയാളുകൾ ഹദീഥിലെയും ഖുർആനിലെയും കാര്യങ്ങളൊക്കെ പറയും. പക്ഷേ, അതനുസരിച്ച് പ്രവർത്തിക്കുന്നതിനു കർമപരമായ അവസ്ഥയും വിശ്വാസവുമുണ്ടാകുന്നില്ല.” ആ മഹാത്മാവ് പറയുന്നു: “ഈ കാര്യങ്ങളെല്ലാം വീണ്ടും ഉണ്ടാക്കുന്നതിനു വേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്. ഈ രംഗം ഒഴിഞ്ഞു കിടക്കുന്നതായി കണ്ടപ്പോൾ അവന്റെ ദൈവത്വം അത് ഒഴിഞ്ഞു തന്നെയിരിക്കുന്നതും ജനങ്ങൾ അകന്നു കഴിയുന്നതും ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അതിന് വിപരീതമായി അല്ലാഹു ഒരു പുതിയ ജീവൽ സമുദായത്തെ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു. അതിനാൽ തഖ്‌വായുടെ ജീവിതം സ്വായത്തമാക്കുന്നതിന് നാം ക്ഷണിക്കുന്നു.”*(മൽഫൂദാത്ത് വാല്യം 4, പേജ് 395-396 1984 പതിപ്പ്)*

നമ്മൾ പുതിയൊരു ജനതയായിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്﵇ന്റെ ബയ്അത്തിൽ വന്നതുകൊണ്ട് നമ്മൾ തഖ്‌വായുടെ ജീവിതം സ്വായത്തമാക്കുകയും അതനുസരിച്ച് ജീവിക്കുകയും വേണ്ടതാണ്. വീണ്ടും പറയുന്നു: “തഖ്‌വാ എന്നത് വെറും പറയുന്നതുകൊണ്ട് ലഭിക്കുന്ന ഒന്നല്ല. പ്രത്യുത ശയ്ത്വാൻ അതിൽ വഴിതെറ്റിക്കുന്നു.”*(മൽഫൂദാത്ത് വാല്യം 4, പേജ് 398, അടിക്കുറിപ്പ്, 1984 പതിപ്പ്)*

തഖ്‌വായിലൂടെ ജീവിക്കുന്നവരേയും വഴിതെറ്റിക്കുന്നു. തഖ്‌വാ സ്വായത്തമാക്കുന്നവരെയും ശയ്ത്വാൻ വഴിതെറ്റിക്കാറുണ്ട്. അതിനുള്ള ഒരു ഉദാഹരണം പറയുകയാണെങ്കിൽ, അല്പം മധുരം എവിടെയെങ്കിലും വെക്കുകയാണെങ്കിൽ ഒരുപാട് ഉറുമ്പുകൾ അതിനടുത്ത് വരുന്നു. പഞ്ചസാര വെക്കുമ്പോൾ, മിഠായി വെക്കുമ്പോൾ അവിടെ ഉറുമ്പുകൾ കൂട്ടത്തോടെ എത്തുന്നു. ഇതുതന്നെയാണ് സാത്താനിക തിന്മകളുടെയും അവസ്ഥ. ഇതുമുഖേന ഒരു മനുഷ്യന് തന്റെയുള്ളിൽ എത്രമാത്രം ദൗർബല്യങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. താൻ വലിയ നന്മയുള്ളവനാണെന്നും തഖ്‌വായനുസരിച്ച് നടക്കുന്നവനാണെന്നും അയാൾ കരുതുന്നു. എന്നാൽ, ശയ്ത്വാൻ ആക്രമിക്കുമ്പോഴാണ് ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് പൂർണ്ണമായും രക്ഷപ്പെട്ടിട്ടില്ലെന്നും ദൈവികമായ സംരക്ഷണത്തിലെത്തിയിട്ടില്ലെന്നും ബോധ്യമാവുക. പറയുന്നു: “മനുഷ്യനിൽ ഇത്തരത്തിലുള്ള ദൗർബല്യങ്ങൾ ഉണ്ടാകരുതെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അൽപമെന്തെങ്കിലും നന്മ ചെയ്യുമ്പോൾ താൻ തഖ്‌വായുള്ളവനാണെന്ന് അയാൾ കരുതുന്നു. ഞാൻ പറഞ്ഞുവന്നതുപോലെ ഇതല്ല യഥാർഥ തഖ്‌വാ. ഈ തഖ്‌വായ്ക്കുമേൽ ശയ്ത്വാൻ ആക്രമണം നടത്തുന്നതാണ്.” ആ മഹാത്മാവ് ഉദാഹരണം പറഞ്ഞതുപോലെ മധുരമുള്ള വസ്തുക്കളിൽ ഉറുമ്പുകൾ വരുന്നതുപോലെ ശയ്ത്വാൻ വഴിതെറ്റിക്കുന്നതിന് ആക്രമണം നടത്തുന്നു. അങ്ങനെ നീ വലിയ നന്മ ചെയ്യുന്ന ആളാണെന്ന് അയാളുടെ മനസ്സിൽ ചിന്തയുണ്ടാക്കാൻ ശ്രമിക്കുന്നു. ഇത്തരമൊരു അവസ്ഥയിലെത്തുമ്പോൾ അയാൾ നന്മയിൽനിന്നകന്നു പോകുന്നു. അഹങ്കാരമുണ്ടാകുന്നു.” ആ മഹാത്മാവ് പറയുന്നു: “വളരെ സൂക്ഷിച്ച് സൂക്ഷിച്ച് ചുവടുകൾ വെക്കേണ്ടതാണ്. എല്ലാ ശക്തികളുടെയും സ്രോതസ്സാണ് അല്ലാഹു എന്ന് മനസ്സിലാക്കുമ്പോൾ മാത്രമാണ് ഇത് സാധ്യമാവുക. ഏതെങ്കിലും നബിക്കോ റസൂലിനോ സ്വന്തം നിലയ്ക്ക് ഈ കഴിവുകൾ നൽകാൻ സാധ്യമല്ല. നബിയിൽനിന്നും റസൂലിൽനിന്നും അനുഗ്രഹങ്ങളാണ് കിട്ടുന്നത്. അവരുടെ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുമ്പോൾ അനുഗ്രഹങ്ങൾ ലഭിക്കുന്നു. പക്ഷേ, എല്ലാ കഴിവുകളും അല്ലാഹുവിന്റെ പക്കലാകുന്നു. നബിയും റസൂലുമൊക്കെ അല്ലാഹുവിനോടു ചോദിക്കുക എന്നാണ് പറയുന്നത്. അതായത് ഈ ശക്തി അല്ലാഹുവിൽനിന്ന് ലഭിക്കുമ്പോൾ അയാൾക്കുള്ളിൽ മാറ്റങ്ങളുണ്ടാകുന്നു. അത് സ്വായത്തമാക്കുന്നതിന്

### • ഹദീഥുന്നബ്‌വിﷺ •




**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

ദുആകൾ അനിവാര്യമാണ്. നമസ്കാരമെന്ന നന്മ തന്നെയാണ് സാത്താനിക ദൗർബല്യങ്ങളിൽനിന്ന് അകറ്റുന്നത്. ഇക്കാര്യങ്ങളിൽ മനുഷ്യൻ ദൗർബല്യമുള്ളവനായി കഴിയണമെന്ന് ശയ്ത്വാനാഗ്രഹിക്കുന്നു. കാരണം എത്രമാത്രം നന്മ അവൻ ചെയ്യുകയാണെങ്കിലും ഈ മാർഗങ്ങൾ മുഖേനയാണ് ചെയ്യുകയെന്ന് അവനറിയാം. അതുകൊണ്ട് അവനിൽനിന്ന് വിമുക്തരാകണമെന്ന നിബന്ധന വെച്ചിരിക്കുന്നു. മനുഷ്യനുള്ളിൽ അഴുക്കുകളുണ്ടാകുമ്പോൾ ശയ്ത്വാൻ അവനോട് സ്നേഹം പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നു."*(മൽഫൂദാത്ത് വാള്യം 4, പേജ് 398, അടിക്കുറിപ്പ്, 1984 പതിപ്പ്)*

അതിനാൽ പരിശുദ്ധരാകുന്നതിന് നമസ്കാരങ്ങളുടെ നിബന്ധനയാണുള്ളത്. ഈ റമളാനിൽനിന്ന് പ്രയോജനമെടുത്തുകൊണ്ട് നമ്മൾ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുക. അതിൽ ശ്രദ്ധിക്കുക. നഫ്ലുകൾ അഥവാ ഐച്ഛികകർമങ്ങൾ അനുഷ്ഠിക്കുന്നതിനും ശ്രദ്ധിക്കുക. അവിടന്ന് പറഞ്ഞു:ശയ്ത്വാനിൽനിന്ന് സ്ഥായിയായ മോചനമാഗ്രഹിക്കുന്നെങ്കിൽ, തഖ്‌വായിലൂടെ നീങ്ങണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ അതിനുള്ള നിബന്ധന ഇബാദത്തുകളിലേക്ക് ശ്രദ്ധിക്കുക എന്നതാണ്. അല്ലാഹു പറഞ്ഞ കൽപ്പനയനുസരിച്ച് ഇബാദത്തുകൾ നല്ല രീതിയിൽ അനുഷ്ഠിക്കുക. അതിൽ ഒരുതരത്തിലുള്ള പ്രദർശനപരതയുമുണ്ടാകരുത്. അത്തരത്തിലുള്ള ഇബാദത്തുകളായി മാറുകയാണെങ്കിൽ മനുഷ്യന് ശാശ്വതമായി ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാനും ദൈവാഭയത്തിൽ വരാനും കഴിയുന്നതാണ്. തുടർന്ന് തഖ്‌വായെ സംബന്ധിച്ച് അവിടന്ന് പറയുന്നു: "മുത്തഖിയാകുന്നതിന് അനിവാര്യമായ ഒരു സംഗതി വളരെ പ്രത്യക്ഷത്തിലുള്ള കാര്യങ്ങൾ അതായത് വ്യഭിചാരം, കളവ്, അവകാശധ്വംസനം, പ്രദർശനപരത, മിഥ്യാഭിമാനം, നിന്ദാദൃഷ്ടി, പിശുക്ക് തുടങ്ങിയ മോശം സ്വഭാവങ്ങൾ ഒഴിവാക്കുന്നതിന് ഉറച്ചു നിൽക്കുകയും തിന്മകളിൽനിന്ന് വിട്ടുനിൽക്കുന്നതോടൊപ്പംതന്നെ അവയ്ക്കു പകരമായി ഉന്നത സൽസ്വഭാവങ്ങളിൽ പുരോഗതി പ്രാപിക്കുകയും വേണം. അതായത് വലിയ വലിയ പ്രകടമായ തിന്മകളിൽനിന്ന്, ദുസ്സ്വഭാവങ്ങളിൽനിന്ന്, വൃത്തികെട്ട കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കണം. എന്നാൽ, അതുമാത്രം പോരാ. അതിനു പകരം നന്മകൾ ചെയ്യുകയുമാണ് യഥാർഥ തഖ്‌വാ. അതായത് തിന്മകളൊഴിവാക്കി നന്മകളിൽ ചുവട് വെക്കുന്നതാണ് യഥാർഥ കാര്യം. ദുസ്സ്വഭാവങ്ങൾ ഒഴിവാക്കി സൽസ്വഭാവങ്ങൾ സ്വായത്തമാക്കുന്നതിലാണ് കാര്യം. കേവലം തിന്മയിൽനിന്ന് വിട്ടു നിൽക്കുന്നതല്ല തഖ്‌വാ. മറിച്ച് തിന്മയിൽനിന്ന് അകലുകയും നന്മകളനുഷ്ഠിക്കുകയും ചെയ്യുന്നതാണ് തഖ്‌വാ. അഥവാ ഈശ്വരഭക്തി. ഇനി ഇതുകൂടാതെ മറ്റെന്ത് കാര്യങ്ങളാണ് നന്മയിൽ ബാക്കിയുള്ളത്? ജനങ്ങളോടു നല്ല രീതിയിൽ പെരുമാറുക. സൽസ്വഭാവം പ്രകടിപ്പിക്കുക. സഹാനുഭൂതി കാണിക്കുക. അല്ലാഹുവുമായി സ്വച്ഛമായ കൂറും സത്യസന്ധതയും പുലർത്തുക. സേവനങ്ങളുടെ മഖാമെ മഹ്മൂദ് അഥവാ സ്തുത്യർഹമായ സ്ഥാനം അന്വേഷിക്കുക. അതായത് അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുന്നതിനുള്ള അന്വേഷണത്തിന് ശ്രമിക്കുക. അല്ലാഹുവിന്റെ പക്കൽ ശ്ലാഘനീയമായ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുക. ഇതിലൂടെയാണ് ഒരു മനുഷ്യൻ മുത്തഖി എന്ന് പറയപ്പെടുന്നത്. അവിടന്ന്ﷺപറഞ്ഞു: ഇതെല്ലാം ഒരാൾക്കുള്ളിലുണ്ടാവുകയാണെങ്കിൽ അവരാണ് മുത്തഖീങ്ങൾ. പറഞ്ഞു:ഇങ്ങനെയായി മാറിയാൽ അല്ലാഹു അത്തരക്കാരുടെ സംരക്ഷകനായി മാറുന്നതാണ്. അല്ലാഹു പറയുന്നു, ലാ ഖൗഫുൻ അലയ്ഹിം വാലാ ഹും യഹ്സനൂൻ (2:39)(അവർക്ക് ഒരു തരത്തിലുള്ള ഭയമോ വിഷമമോ ഉണ്ടാകുന്നതല്ല). മറ്റൊരു സ്ഥലത്ത് പറയുന്നു: വഹുവ യത്തവല്ലസ്സ്വാലിഹീൻ.(7:197) സദ്വൃത്തർക്ക് അവൻ സംരക്ഷണം നല്കുന്നു. ഹദീഥിൽ വന്നിട്ടുണ്ട്, അല്ലാഹു അത്തരം വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ പിടിക്കുന്ന കൈയായി മാറുന്നു, അവൻ കാണുന്ന കണ്ണായി മാറുന്നു, അവൻ കേൾക്കുന്ന ചെവിയായി മാറുന്നു, അവൻ നടക്കുന്ന കാലായി മാറുന്നു. ഒരു ഹദീഥിൽ ഇതും കൂടി വരുന്നു: ആരെങ്കിലും എന്റെ വലിയ്യിനോട് അതായത് സുഹൃത്തിനോട് ശത്രുത വെച്ചുപുലർത്തുകയാണെങ്കിൽ ഞാൻ അവനോട് പറയുന്നു, എന്നോടു യുദ്ധം ചെയ്യാൻ തയ്യാറായിക്കൊള്ളുക. മറ്റൊരു സ്ഥലത്ത് പറയുന്നു: ആരെങ്കിലും അല്ലാഹുവിന്റെ വൊലിയെ ആക്രമിക്കുകയാണെങ്കിൽ അല്ലാഹു അയാളെ ഒരു സിംഹണി തന്റെ മക്കളെ റാഞ്ചി എടുക്കുന്നവർക്കുമേൽ ആക്രമണം നടത്തുന്നതുപോലെ ആക്രമിക്കുന്നതാണ്. ആ മഹാത്മാവ് പറയുന്നു: "ദൈവികമായ അനുഗ്രഹം ഇങ്ങനെ തന്നെയാണ് ലഭിക്കുക. മനുഷ്യന്റെ ചുവടുകൾ അല്ലാഹുവിലേക്ക് നീങ്ങുമ്പോൾ അല്ലാഹുവും അവനിലേക്ക് ചുവടുകൾ വെക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എല്ലാവരോടുമൊപ്പം ഉണ്ടാകുന്നില്ല. എന്നാൽ, അതുണ്ടാകുന്നവർക്കുവേണ്ടി അടയാളങ്ങൾ വെളിപ്പെടുന്നതാണ്. നബിﷺതിരുമേനിയോടൊപ്പമാണ് ഏറ്റവും കൂടുതൽ അടയാളങ്ങൾ ദൃശ്യമായത്. അതായത് ശത്രുക്കൾ ആ മഹാത്മാവിനെ പരാജയപ്പെടുത്തുന്നതിനെന്തെല്ലാം പരിശ്രമങ്ങൾ ചെയ്തില്ല? പക്ഷേ, ഒന്നുംതന്നെ വിജയിച്ചില്ല. എത്രമാത്രമെന്നാൽ നബിﷺ തിരുമേനിയെ വധിക്കുന്നതിനുപോലും ആസൂത്രണം ചെയ്തിരുന്നു. പക്ഷേ, അവസാനം പരാജയപ്പെടുകയാണ് ചെയ്തത്. പറയുന്നു: "തങ്ങളുടെ ഹൃദയങ്ങൾക്കുള്ളിൽ ദൈവീക സ്നേഹവും മഹത്ത്വവുമുണ്ടാക്കുക. അതുണ്ടാക്കാൻ നമസ്കാരത്തെക്കാളും വലിയ ഒരു കാര്യവുമില്ല. യാഥാർഥ്യമെന്തെന്നാൽ അല്ലാഹുവിന്റെ സവിധത്തിൽ തങ്ങളുടെ നന്മകളാണ് സമർപ്പിക്കാനുള്ളത്. ആരാധനകൾ യഥാവിധി അനുഷ്ഠിക്കുകയാണ് വേണ്ടത്. അതിനുവേണ്ടി ഏറ്റവും ഉന്നതമായ കാര്യം നമസ്കാരമാകുന്നു. റമളാനിലൂടെ നമ്മൾ കടന്നു പോകുമ്പോൾ, നമസ്കാരത്തിന്റെ അവസ്ഥകളിലൂടെ നമ്മൾ നീങ്ങുമ്പോൾ, നന്മകളുടെ സാഹചര്യങ്ങളിലൂടെ നമുക്ക് നീങ്ങുന്നതിന് അവസരം കിട്ടുമ്പോൾ അതിനെ സ്ഥായിയായി നിലനിറുത്തുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കുന്നതിന് അതിനെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമാക്കി മാറ്റേണ്ടത് അനിവാര്യമാണ്. അതുകൂടാതെ മറ്റു വഴിയൊന്നുമില്ല. ആ മഹാത്മാവ് പറയുന്നു: "നോമ്പ് ഒരു വർഷത്തിനു ശേഷമാണ് വരുന്നത്. സക്കാത്ത് സമ്പത്തുള്ളവരാണ് കൊടുക്കേണ്ടത്. സമ്പത്തുണ്ടെങ്കിൽ അത് കൊടുക്കേണ്ടത് നിർന്ധമാണ്. എല്ലാവരും അത് കൊടുക്കേണ്ടതില്ല. ഇതൊക്കെ നന്മകൾത്തന്നെയാണെങ്കിലും നമസ്കാരം എല്ലാ തരത്തിലുള്ള ആളുകൾക്കും അഞ്ചുനേരം നിർബന്ധമാണ്. ധനാഢ്യനാണെങ്കിലും ദരിദ്രനാണെങ്കിലും വലിയവനാണെങ്കിലും ചെറിയവനാണെങ്കിലും നമസ്കരിക്കേണ്ടതാണ്. അതൊരിക്കലും ഒഴിവാക്കരുത്. അതു കൂടെക്കൂടെ അനുഷ്ഠിക്കുക. അവനുദ്ദേശിക്കുന്ന പക്ഷം അപ്പോൾത്തന്നെ സ്വീകരിക്കാൻ കഴിവുള്ളവന്റെ മുന്നിലാണ് നിൽക്കുന്നതെന്ന ബോധ്യത്തോടുകൂടി നമസ്കാരങ്ങൾ കൂടെക്കൂടെ അനുഷ്ഠിക്കുക. താൻ അല്ലാഹുവിനു മുന്നിലാണ് നിൽക്കുന്നതെന്ന ഉറച്ച വിശ്വാസത്തോടുകൂടി അത് അനുഷ്ഠിക്കേണ്ടതാണ്. അവൻ ആഗ്രഹിക്കുന്നെങ്കിൽ തന്റെ ദുആ സ്വീകരിക്കാൻ കെൽപ്പുള്ളവനാണെന്ന ബോധ്യമുണ്ടാകണം. അദ്ദേഹം പറയുന്നു: "ലോകത്തുള്ള മറ്റു ഭരണാധിപന്മാർ ഖജനാവുകളെ ആശ്രയിക്കുന്നവരാണ്. ഖജനാവ് കാലിയാകരുതെന്ന് അവർ ചിന്തിക്കുന്നു. അത് കാലിയായി പോകുമോ എന്ന് അവർ ആശങ്കപ്പെടുന്നു. അവരുടെ പക്കൽ ഖജനാവുകൾ വന്നു നിറഞ്ഞു കൊണ്ടിരിക്കുന്നു. എന്നാൽ, അതോടൊപ്പം തങ്ങൾ അത് കൈയ്യയച്ച് ചെലവാക്കുകയാണെങ്കിൽ ഖജനാവ് കാലിയായി പോകുമോ എന്നും അവർ ആശങ്കപ്പെടുന്നു. ഇന്ന് പാശ്ചാത്യലോകം തങ്ങളെ വലിയ ധനാഢ്യരാണെന്ന് കരുതുന്നു. തങ്ങളുടെ പക്കൽ വലിയ സമ്പത്തുണ്ടെന്നും കരുതുന്നു. അതൊരിക്കലും അവസാനിക്കുകയില്ലെന്നും ധരിക്കുന്നു. എന്നാൽ, വളരെ മോശമായ അവസ്ഥയാണുണ്ടാകുന്നത്. എല്ലാവരുടെയും ജീവിത നിലവാരം തകർന്നുകൊണ്ടിരിക്കുന്നു. വിലക്കയറ്റമുണ്ടാകുന്നു. പൈസയുടെ മൂല്യം കുറയുന്നു. പൗണ്ടിന്റെ മൂല്യവും ഡോളറിന്റെ മൂല്യവും ഇടിയുന്നു. ഒരു വലിയ കലാപമാണുണ്ടാകുന്നത്. അവർക്ക് അതേക്കുറിച്ച് ആശങ്കയുണ്ട്. അതുകൊണ്ടാണ് അവർ എല്ലാ നിബന്ധനകളും വെക്കുന്നത്. പക്ഷേ, അല്ലാഹുവിന്റെ ഖജനാവ് സദാ നിറഞ്ഞിരിക്കുന്നു. മനുഷ്യൻ അവനു മുന്നിൽ നിൽക്കുമ്പോൾ അവന് ദൃഢബോധം മാത്രമുണ്ടായാൽമതി.

സകലകഴിവും ഉള്ളവനാണെന്നും അവന്റെ ഖജനാവ് എപ്പോഴും നിറഞ്ഞിരിക്കുന്നുവെന്നും നിറഞ്ഞിരിക്കുക തന്നെ ചെയ്യുമെന്നും അവന് ഉറച്ച ബോധ്യമുണ്ടെങ്കിൽ അവനോടു ചോദിക്കേണ്ടതുമാണ്. ദുആയിലൂടെ ആവശ്യപ്പെടുന്നത് തൽസമയംതന്നെ നൽകാനും അല്ലാഹുവിനു കഴിവുണ്ട്. താൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനും ഗ്രാഹ്യമുള്ളവനും കഴിവുള്ളവനുമായ ഒരു അസ്തിത്വത്തിന്റെ മുന്നിലാണ് നിൽക്കുന്നതെന്നുള്ള ഉറച്ച ബോധമുണ്ടാകണം. അവന്റെ മുദ്ര അതിന്മേൽ പതിഞ്ഞാൽ അത് അവന്റെ ഔദാര്യം. വളരെ താണുകേണു ദുആ ചെയ്യുക. നിരാശയും ദുർഭാവനയുമുണ്ടാകരുത്. ഇങ്ങനെ ചെയ്യുകയാണെങ്കിൽ അവൻ വേഗം സമാധാനം കണ്ടെത്തുന്നതായിരിക്കും. അല്ലാഹുവിന്റെ മറ്റു അനുഗ്രഹങ്ങളും അവനോടൊപ്പമുണ്ടാകുന്നതാണ്. അങ്ങനെ ഒരു മനുഷ്യൻ ഈയൊരു അവസ്ഥ ഉണ്ടാക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കുന്നതായിരിക്കും. അവന് അല്ലാഹുവിനേയും കിട്ടുന്നതാണ്. ഈ മാർഗത്തിലാണ് അവനുറച്ചു നിൽക്കേണ്ടത്. അക്രമിയും ധിക്കാരിയുമായവന്റെ ദുആ സ്വീകരിക്കപ്പെടുന്നതല്ല.

കാരണം അവൻ അല്ലാഹുവിനെ വിലമതിക്കാത്തവനാകുന്നു. മകൻ പിതാവിനെ വിലമതിക്കുന്നില്ലെങ്കിൽ, അവൻ ശരിയായ പിന്മുറക്കാരനാണെന്ന് വരുത്തുന്നില്ലെങ്കിൽ പിതാവ് അവനെ ശ്രദ്ധിക്കുന്നതല്ല. എന്നിരിക്കെ അല്ലാഹു എന്തിന് ശ്രദ്ധിക്കണം?"*(മൽഫൂദാത്ത് വാല്യം 4, പേജ് 400-402, 1984 പതിപ്പ്)*

അവിടന്ന് പറഞ്ഞു: നമ്മുടെ ജമാഅത്ത് അല്ലാഹുവുമായി സത്യസന്ധമായ ബന്ധം ഉണ്ടാക്കേണ്ടതാണ്. തങ്ങളുടെ വിശ്വാസപരമായ കഴിവുകളെ ദൃഢബോധ്യത്തിന്റെ തലത്തിലേക്കെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ഉദ്ദേശത്തിനു വേണ്ടിയാണ് ഞാൻ വന്നിട്ടുള്ളത്. തുടർന്നു പറയുന്നു: "അതല്ലെങ്കിൽ എനിക്കു ബയ്അത്ത് ചെയ്യുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. അതിനാൽ നമ്മൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ നന്മകൾ വർധിപ്പിക്കേണ്ടതാണ്. അല്ലാഹുവുമായി പ്രത്യേക ബന്ധം ഉണ്ടാക്കേണ്ടതാണ്. അതാണ് നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം. ഇതുതന്നെയാണ് ജമാഅത്തിന്റെ പുരോഗതിയിൽ നമുക്ക് പ്രയോജനം ചെയ്യുന്ന കാര്യം. ഇതുതന്നെയാണ് നമ്മെ പ്രയാസങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കുക. ഇതു മുഖേന ഇൻശാ അല്ലാഹ് ജമാഅത്ത് പുരോഗതി പ്രാപിക്കുന്നതുമാണ്. അല്ലാഹു വാഗ്ദാനം ചെയ്ത സ്ഥാനത്തെത്തുന്നതുമാണ്.

അദ്ദേഹം തുടരുന്നു: "വാഗ്ദത്ത മസീഹിന്റെ ഒരു കർത്തവ്യം അല്ലാഹുവിന്റെ അടയാളങ്ങൾ കാണിക്കുക എന്നതാണ്. അല്ലാഹു നബിﷺതിരുമേനിയുടെ കാലഘട്ടത്തിൽ അത് കാണിച്ചു തന്നിരുന്നു. അതിന്റെ തുടർച്ചയെന്നോണം ഇപ്പോഴും അടയാളം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അവൻ താൻ തന്നെ പുരോഗതിയുടെ അടയാളങ്ങൾ കാണിച്ചുതരുന്നു. ഇപ്പോഴും കാണിച്ചുതന്നുകൊണ്ടിരിക്കുന്നു. അദ്ദേഹം പറയുന്നു: "നമ്മുടെ അല്ലാഹു നമ്മുടെ ദുആകൾ സ്വീകരിച്ചു എന്ന് നമുക്ക് ബോധ്യപ്പെടുത്തി തരുന്നതാണ്."

വാഗ്ദത്ത മസീഹിന്റെ കർമങ്ങളിൽ ആദ്യത്തേത് നബിﷺ തിരുമേനിയുടെ കാലത്ത് കാണിച്ചതുപോലെ അതിന്റെ തുടർച്ചയെന്നോണം അടയാളങ്ങൾ കാണിക്കുക എന്നതാണ്. അതായത് അല്ലാഹു നമ്മുടെ ദുആകൾ കേൾക്കുകയും അതിന് മറുപടി നൽകുകയും ചെയ്യുന്നതാണെന്നും അവന്റെ സഹായം നമ്മോടൊപ്പമാണെന്നും അടയാളങ്ങൾ മുഖേന തെളിയിക്കുന്നതാണ്. തുടർന്നു പറയുന്നു: "എന്റെ വരവിന്റെ രണ്ടാമത്തെ ലക്ഷ്യം അല്ലാഹുവുമായി ദാസന്മാർക്ക് ബന്ധമുണ്ടാക്കുകയാണ്. ഇത് അല്ലാഹുവിന്റെ കർമമാണ്. അത് അവൻ നബിﷺതിരുമേനി മുഖേന വാഗ്ദാനം ചെയ്തതാണ്. അത് അവൻ നൽകുന്നു. രണ്ടാമത്തെ കാര്യം അവൻ നമുക്കുമേലാണ് ചുമത്തിയിട്ടുള്ളത്. അത് അവന്റെ നന്ദിയുള്ള ദാസന്മാരായിത്തീരുകയും അവന്റെ ഇബാദത്തുകൾ യഥാവിധി നിർവഹിക്കുന്നവരായി മാറുകയും തങ്ങളുടെ വിശ്വാസത്തിൽ പുരോഗതി പ്രാപിക്കുകയും ചെയ്യുന്നവരാവുക എന്നതാണ്. ഇതുണ്ടാവുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമ്മൾ കരസ്ഥമാക്കുന്നവരായി മാറുന്നതാണ്. ബയ്അത്തിന്റെ ലക്ഷ്യം, ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ബയ്അത്തിൽ വന്നതിന്റെ ലക്ഷ്യം നമ്മൾ പൂർത്തിയാക്കുന്നവരായി മാറുന്നതാണ്. അദ്ദേഹം പറയുന്നു: "നമ്മുടെ ജമാഅത്ത് വിശ്വാസത്തിൽ വർധന ഉണ്ടാക്കണം. അല്ലാഹുവിൽ പൂർണമായി വിശ്വാസവും ദിവ്യജ്ഞാനവുമുണ്ടാകണം. സൽകർമങ്ങളിൽ അലസതയും അലംഭാവവുമുണ്ടാകരുത്. കാരണം അലംഭാവമുണ്ടാകുമ്പോൾ വുളു എടുക്കുന്നതുപോലും മുസ്വീബത്തായിത്തീരും. എന്നിട്ടല്ലേ തഹജ്ജുദ് നമസ്കാരം! സൽകർമങ്ങൾക്കുള്ള ശക്തി ഉണ്ടാക്കുന്നില്ലെങ്കിൽ സൽകർമങ്ങളിൽ പരസ്പരം മത്സരിച്ചു മുന്നേറുന്നതിനുള്ള ആവേശമുണ്ടാകുന്നില്ലെങ്കിൽ നാമുമായുള്ള ബന്ധം വ്യർഥമാണ്. മാറ്റങ്ങളുണ്ടാകുന്നില്ലെങ്കിൽ തങ്ങൾക്കുള്ളിൽ നന്മകൾ ചെയ്യുന്നതിനുള്ള ആവേശമുണ്ടാക്കുന്നില്ലെങ്കിൽ അല്ലാഹുവിനോടുള്ള ഇബാദത്തുകളിൽ ആവേശവും ഉന്നതമായ സൽസ്വഭാവങ്ങൾ കാണിക്കുന്നതിൽ ഒരു ആവേശവുമുണ്ടാക്കുന്നില്ലെങ്കിൽ എന്റെ ബയ്അത്തിൽ വന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല." പറയുന്നു: "നമ്മുടെ അധ്യാപനങ്ങൾ കർമപദത്തിൽകൊണ്ടുവരുന്നവരും തങ്ങളുടെ കഴിവും പരിശ്രമവും മുഖേന അതനുസരിച്ച് പ്രവർത്തിക്കുന്നവരും മാത്രമാണ് നമ്മുടെ ജമാഅത്തിൽ ഉൾപ്പെട്ടവരായി ഗണിക്കപ്പെടുക." എന്നാൽ, വെറും പേരു മാത്രം വെച്ചശേഷം അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അവർ ഓർത്തു കൊള്ളട്ടെ, അല്ലാഹു ഈ ജമാഅത്തിനെ ഒരു പ്രത്യേക ജമാഅത്താക്കാൻ ആഗ്രഹിക്കുന്നു. വെറും പേര് എഴുതിയതുകൊണ്ട് മാത്രം ആരും ഈ ജമാഅത്തിൽ ഉൾപ്പെട്ടവരാകുന്നതല്ല. അവർക്ക് ഏതെങ്കിലും ഒരു സമയം വന്നെത്തുകയും അവർ ദൗർഭാഗ്യവശാൽ അകറ്റപ്പെടുകയും ചെയ്യുന്നതാണ്. അതുകൊണ്ട് പറയുന്ന അധ്യാപനമനുസരിച്ച് കർമങ്ങളനുഷ്ഠിക്കാൻ ശ്രമിക്കുക. അദ്ദേഹം തുടരുന്നു: "കർമങ്ങൾ ചിറകുകൾ പോലെയാണ്. കർമങ്ങൾ കൂടാതെ മനുഷ്യന് ആത്മീയമായ പദവികളിലേക്ക് പറന്നുയരാൻ കഴിയുന്നതല്ല. പറവകൾ അന്തരീക്ഷത്തിൽ പറന്നുയരുന്നതുപോലെ കർമങ്ങൾ ആത്മീയ പദവികൾ ഉയർത്താൻ അനിവാര്യമാകുന്നു. കർമങ്ങളുണ്ടെങ്കിൽ മനുഷ്യന് മുകളിലേക്കുയരാനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും കഴിയുന്നതാണ്. അതുകൂടാതെ മനുഷ്യനു ആത്മീയമായ പദവികൾ കരസ്ഥമാക്കാനോ അതിനു കീഴിൽ അല്ലാഹു വെച്ചിട്ടുള്ള ലക്ഷ്യങ്ങൾ പ്രാപിക്കാനോ സാധ്യമല്ല.

പറവകൾക്ക് ബുദ്ധിയും വിവേകവുമുണ്ട്. പ്രസ്തുത ബുദ്ധിയും വിവേകവുമനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അതായത് അല്ലാഹു അവയുടെ പ്രകൃതത്തിൽ വെച്ചിട്ടുള്ള ബുദ്ധിയും വിവേകവും അനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ അവയിൽനിന്ന് പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങൾ പോലും സാധ്യമാകുമായിരുന്നില്ല. ഉദാഹരണമായി തേനീച്ചക്ക് ബുദ്ധിയില്ലായിരുന്നെങ്കിൽ അതിന് തേനുണ്ടാക്കാൻ കഴിയുമായിരുന്നില്ല. അതുപോലെ സന്ദേശം കൊണ്ടുപോകുന്ന പ്രാവുകളുണ്ട്. അവയെ ആദ്യകാലത്ത് നല്ലപോലെ ഉപയോഗിച്ചതായി പറയപ്പെടുന്നു. അവക്ക് അവയുടെ ബുദ്ധിയനുസരിച്ച് പ്രവർത്തിക്കേണ്ടതായി വന്നു. എത്രമാത്രം ദൂരസ്ഥലങ്ങളിലേക്കാണ് അത് കത്തുകളുമായെത്തുന്നത്. അതുപോലെ പറവകളെക്കൊണ്ട് അത്ഭുതകരമായ പ്രവൃത്തികൾ ചെയ്യിച്ചിരുന്നു. ഒരു വ്യക്തി തന്റെ ബുദ്ധിയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. താൻ ചെയ്യാൻ പോകുന്ന പ്രവർത്തനം അല്ലാഹുവിന്റെ കൽപ്പനകൾക്ക് അനുസരിച്ച് അവന്റെ തൃപ്തിക്ക് വേണ്ടിയാണോ എന്ന് ചിന്തിക്കണം. ഇങ്ങനെ ശ്രദ്ധിക്കുകയും ചിന്തിക്കുകയുമാണെങ്കിൽ കൈകളെ പ്രവർത്തന നിരതമാക്കേണ്ടിവരും. അതായത് കൈകളെ പ്രവർത്തന തലത്തിൽ കൊണ്ടുവരണം. ആദ്യം താൻ ചെയ്യാൻ പോകുന്നത് സൽക്കർമങ്ങൾ ആണോ എന്നും അതിന്റേത് സൽഫലമായിരിക്കുമോ എന്നും നോക്കണം. ചെയ്യാൻ പോകുന്ന കർമങ്ങൾ അതിനുമുമ്പേ അത് അല്ലാഹുവിന്റെ കൽപ്പനയ്ക്ക് അനുസൃതമാണോ എന്ന് നോക്കി, അതനുസരിച്ച് പ്രവർത്തിക്കണം. അതിൽ അലംഭാവവും അലസതയും കാണിക്കരുത്. ഇത് ശരിയായ അധ്യാപനത്തിലാണോ ചെയ്യുന്നതെന്ന് നോക്കണം. പലപ്പോഴും അധ്യാപനം ശരിയായിരിക്കും പക്ഷേ, മനുഷ്യൻ തന്റെ അറിവില്ലായ്മ കൊണ്ട് വിവരദോഷം നിമിത്തം അതല്ലെങ്കിൽ മറ്റെന്തെങ്കിലും തിന്മകൾ കാരണം തെറ്റായ വിവരണങ്ങൾ കാരണം വഞ്ചനയിൽ അകപ്പെട്ടു പോകാറുണ്ട്. ചില സമയത്ത് ശയ്ത്വാനും വഞ്ചനയിൽ അകപ്പെടുത്തുന്നു.

ഇതേ അധ്യാപനങ്ങൾ കാരണം വഞ്ചനയിൽ അകപ്പെടാനും സാധ്യതയുണ്ട്. അതുകൊണ്ട് കാര്യങ്ങൾ മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഇത് ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം തന്റെ കർമങ്ങൾ സുരക്ഷിതമാക്കാൻ, അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ടത് അനിവാര്യമാകുന്നു. ഒരുവിധ മുൻവിധിയും കൂടാതെ ചിന്തിക്കുക. ആദ്യം സ്വയം വിലയിരുത്തുകയും പിന്നെ ചിന്തിക്കുകയും ദുആ ചെയ്യുകയും തുടർന്ന് കർമങ്ങളനുഷ്ഠിക്കുകയും വേണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥ

• ഹദീസുന്നബവി ﷺ •
"നമസ്കാരത്തിൽ ഒരാൾ ഉറക്കം തൂങ്ങുന്നപക്ഷം, താനോതുന്നത് എന്താണെന്ന് അറിയുന്നതുവരെ അയാൾ ഉറങ്ങട്ടെ."(ബുഖാരി. 4:53)
TIMBELLA
BEAUTY FROM TIMBER
NILAMBUR
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• ഹദീസുന്നബവി ﷺ •
"നിങ്ങളിൽ ഒരാൾ ജനങ്ങൾക്കുവേണ്ടി പ്രാർഥന നയിക്കുമ്പോൾ അയാൾ അത് ലഘുവാക്കണം. എന്തുകൊണ്ടെന്നാൽ അവരിൽ ക്ഷീണിച്ചവനും രോഗിയും വൃദ്ധനുമുണ്ടായിരിക്കും." (ബുഖാരി. 8:62)
tectona
feel more confidence
tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

മാക്കുന്നതായിരിക്കണം ലക്ഷ്യം. നമ്മൾ ഈ കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കുന്നവരായാൽ മാത്രമേ ഹദ്റത്ത് മസീഹ് മൗഊദ്﵇ന്റെ ബയ്അത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നവരായിത്തീരുകയുള്ളൂ.

പിന്നെ മറ്റൊരിടത്ത് ആ മഹാത്മാവ് തങ്ങളുടെ ഇബാദത്തുകളുടെ നിലവാരം ഉയർത്തുന്നതിന് ഉപദേശിച്ചു കൊണ്ട് പറയുന്നു: “ദൈവീക സ്നേഹത്തിൽനിന്ന് പൂർണ്ണമായും പങ്കുപറ്റുക. യഥാർഥ തൗഹീദ് അതുമുഖേനയാണ് സ്ഥാപിതമാകുന്നത്. അല്ലാഹുവിനോടു സ്നേഹമുണ്ടെന്ന് പ്രഖ്യാപിക്കുകയും അവന്റെ തൗഹീദ് സ്ഥാപിക്കുന്നതിന് ആഗ്രഹിക്കുകയുമാണെങ്കിൽ അത് സാക്ഷാത്കരിക്കേണ്ടതും അനിവാര്യമാണ്, അതിനുവേണ്ടി പിന്നെ അല്ലാഹുവിന്റെ സവിധത്തിൽ വീഴുകയും കരഞ്ഞ് പ്രാർഥിക്കുകയും വേണം. ഇതെല്ലാമുണ്ടാവുകയാണെങ്കിൽ മാത്രമേ നമ്മൾ ശരിയായ തൗഹീദിനെ സംരക്ഷിക്കുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും അതിനെ പ്രചരിപ്പിക്കുന്നവരുമായിത്തീരുകയുള്ളൂ.

അല്ലാഹുവിനോടുള്ള സ്നേഹം കൊണ്ടെന്താണ് വിവക്ഷിതം? ഇതു വിശദീകരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: “ഇതുകൊണ്ടുള്ള വിവക്ഷിതമെന്തെന്നാൽ തങ്ങളുടെ മാതാപിതാക്കളോടും തങ്ങളുടെ ഭാര്യാമക്കളോടും തങ്ങളുടെ ആത്മാവിനോടുമുള്ളതിനെക്കാളെല്ലാം കൂടുതൽ അല്ലാഹുവിന്റെ തൃപ്തിയെ മുന്തിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽ പറയുന്നു:

**ഫദ്കുറുല്ലാഹ കദിക്‌രിക്കും ആബാഅക്കും ഔ അശിദ്ദ ദിക്റാ**(2:201) നിങ്ങളുടെ പൂർവപിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ, അഥവാ അതിലുപരിയായി അല്ലാഹുവിനെ നിങ്ങൾ അല്ലാഹുവിനെ സ്മരിക്കുക.

അദ്ദേഹം തുടരുന്നു: ഇവിടെ ഒരു കാര്യം ചിന്തനീയമാണ്. അല്ലാഹു ഇവിടെ നിങ്ങൾ അല്ലാഹുവിനെ പിതാവ് എന്ന് വിളിക്കണമെന്ന് അല്ല പറഞ്ഞത്. മറിച്ച് അവൻ നമ്മളോട് പറയുന്നു നിങ്ങൾ ക്രിസ്ത്യാനികളെപ്പോലെ വഞ്ചിതരാകരുത്. അല്ലാഹുവിനെ പിതാവ് എന്ന് പറഞ്ഞു വിളിക്കരുത്. ഇനി യാരെങ്കിലും പിതാവിനെക്കാളും കുറഞ്ഞ സ്നേഹമായി പോയെങ്കിലോ എന്ന് പറയുകയാണെങ്കിൽ പ്രസ്തുത ആക്ഷേപം ദൂരീകരിക്കുന്നതിന് വേണ്ടി ഔ അശദ്ദു ദിക്റാ എന്ന പറഞ്ഞിരിക്കുന്നു, അതില്ലായിരുന്നുവെങ്കിൽ ആക്ഷേപത്തിന് വക ഉണ്ടാകുമായിരുന്നു. പക്ഷേ, ഇവിടെ അവൻ അതിനെ പരിഹരിക്കുന്നു.

അല്ലാഹു പറയുന്നു: പിതാക്കളെ ഓർക്കുന്നതിനേക്കാൾ ശക്തമായി അവനെ ഓർക്കുക. തുടർന്ന് ആ മഹാത്മാവ് പറയുന്നു: യഥാർഥ തൗഹീദ് സ്ഥാപിക്കുന്നതിന് അല്ലാഹുവുമായുള്ള സ്നേഹത്തിന്റെ അംശം പറ്റേണ്ടതാണ്. കർമപരമായുള്ള പങ്ക് പൂർണ്ണമല്ലെങ്കിൽ ഈ സ്നേഹം തെളിയിക്കപ്പെടുന്നതല്ല. വെറും വാക്കുകൾ കൊണ്ട് തെളിയിക്കപ്പെടുന്നതല്ല. കൽക്കണ്ടമെന്നോ പഞ്ചസാരയെന്നോ പറയുന്നതുകൊണ്ട് മധുരമുണ്ടാകുന്നില്ല. വെറും പേരുകൾ ഉച്ചരിക്കുന്നതുകൊണ്ട് നാവിൽ മധുരം വരുന്നതല്ല. മിഠായിയുടെ പേര് പറഞ്ഞതുകൊണ്ട് വായിൽ മധുരമുണ്ടാകുന്നില്ല. നാവുകൊണ്ടെന്തെങ്കിലും സൗഹൃദം പ്രഖ്യാപിച്ചതുകൊണ്ട് കാര്യമില്ല. പ്രയാസങ്ങൾ വരുമ്പോൾ അയാളെ സഹായിക്കുകയും കൈ പിടിക്കുകയുമില്ലെങ്കിൽ ആ സൗഹൃദം സത്യസന്ധമല്ല. അതുപോലെ അല്ലാഹുവിന്റെ തൗഹീദ് വെറും അധര വ്യായാമകൊണ്ട് സാധ്യമല്ല. അവനോടുള്ള സ്നേഹം നാവുകൊണ്ട് പ്രഖ്യാപിക്കുന്നതുമാത്രം പ്രയോജനപ്രദമല്ല മറിച്ച് വാക്കുകൾ കൊണ്ടുള്ള പ്രഖ്യാപനത്തിനുമപ്പുറം കർമപരമായി അതുകൂടുതലായി ഉണ്ടാകേണ്ടതാണ്. ഇതിനർഥം നാവുകൊണ്ടുള്ള പ്രഖ്യാപനം ഒന്നുമല്ലെന്നല്ല. പറയുന്നു: ഇതുകൊണ്ടുദ്ദേശിക്കുന്നത് നാവുകൊണ്ടുള്ള പ്രഖ്യാപനത്തോടൊപ്പം കർമപരമായ സാക്ഷ്യവും അനിവാര്യമാണ്. അതിനു ദൈവമാർഗത്തിൽ ജീവിതം ഉഴിഞ്ഞു വെക്കേണ്ടതാണ്. അതാണ് ഇസ്‌ലാം. ഈ ഉദ്ദേശ്യസഫല്യത്തിനുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ ഈ അരുവിയുടെ അടുത്തേക്ക് വരാത്തവർ, അല്ലാഹു ഈ ഒരു ഉദ്ദേശ്യത്തോടുകൂടി ഇറക്കിയിട്ടുള്ള ഇതിനടുത്തേക്ക് വരാത്തവർ തീർച്ചയായും ദൗർഭാഗ്യവാന്മാരാകുന്നു. അദ്ദേഹം തുടരുന്നു: അല്ലാഹുവിന്റെ തൗഹീദ് സ്ഥാപിക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവിതം അങ്ങനെയാക്കി മാറ്റുക. ഇതിനുവേണ്ടി വഖ്ഫു ചെയ്തു ജമാഅത്തിന്റെ ജോലിക്കാരനാകണമെന്നല്ല. മറിച്ച് അതുകൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിന്റെ സന്ദേശം പ്രചരിപ്പിക്കുന്നതിനു കർമപരമായി തങ്ങളുടെ ജീവിതം സമർപ്പിക്കുക. അതനുസരിച്ച് അതിനെ മാറ്റുക. ഒരു കാര്യം വ്യക്തമാക്കട്ടെ, നമ്മുടെ ജീവിതം അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചായിരിക്കണം.

നമ്മുടെ ജീവിതം അങ്ങനെ ആക്കുകയാണെങ്കിൽ നമ്മൾ വിജയിക്കുന്നതാണ്. പറയുന്നു: നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യങ്ങളെന്താണെന്ന് മനസ്സിലാക്കുക. വെറും ഭൗതികലോകം സമ്പാദിക്കാനാണോ വന്നത്? അല്ല ഹദ്റത്ത് മസീഹ് മൗഊദ്﵇ന്റെ ബയ്ത്തിൽ വന്ന നമ്മൾ അല്ലാഹുവിന്റെ തൗഹീദ് ഭൂമിയിൽ സ്ഥാപിക്കാനും പ്രചരിപ്പിക്കാനും എല്ലാ നിലയ്ക്കും ശ്രമിക്കേണ്ടതാണ്. ഈ ഒരു ചിന്ത ഉണ്ടാവുകയാണെങ്കിൽപ്പിന്നെ ഓരോ ജമാഅത്തംഗവും തങ്ങളുടെ ഭാഗം നിർവഹിക്കുന്നതാണ്. അല്ലാഹുവിന്റെ തൗഹീദിന്റെ പതാക ലോകത്ത് പറത്തുന്നതിനുവേണ്ടി ലോകത്ത് അതിനെ പറത്താൻ വേണ്ടി നബിﷺതിരുമേനിയുടെ പതാകക്കു കീഴിൽ കൊണ്ടുവരുന്നതിന് പരിശ്രമിക്കുന്നതാണ്. അതുകൊണ്ട് ഈ റമളാനിൽ നമ്മുടെ ഇബാദത്തുകളിലേക്ക് ശ്രദ്ധിക്കുമെന്നും ഉന്നതമായ ധാർമിക സ്വഭാവങ്ങളിലേക്ക് ശ്രദ്ധിക്കുമെന്നും നന്മകൾ ചെയ്യാൻ ശ്രമിക്കുമെന്നും അല്ലാഹുവിന്റെ തൗഹീദിനെ പ്രചരിപ്പിക്കുന്നതിനു ശ്രദ്ധിക്കുമെന്നും പ്രതിജ്ഞ ചെയ്യുക. പിന്നീട് അതിനുവേണ്ടി പരിശ്രമിക്കേണ്ടതുമാണ്. ഈ പരിശ്രമങ്ങൾ കേവലം റമളാൻ അവസാനിക്കുന്നതോടുകൂടി നിറുത്തരുത്. പ്രത്യുത വർഷം മുഴുവനും തുടർന്നുകൊണ്ടിരിക്കണം. ഇത് വർഷം മുഴുവൻ തുടരുകയാണെങ്കിൽപ്പിന്നെ നമ്മൾ ലക്ഷ്യം പ്രാപിക്കുന്നവരായിത്തീരുന്നതാണ്. അത് നമ്മുടെ ജീവിതലക്ഷ്യമാണ്. ഇതുണ്ടാകുന്നില്ലെങ്കിൽപ്പിന്നെ അല്ലാഹുവിന്റെ വചനമനുസരിച്ച് അവന്റെ കല്പനയനുസരിച്ച് നബിﷺതിരുമേനിയുടെ കൽപ്പനയ്ക്ക് വിധേയമായി പ്രവർത്തിച്ചുകൊണ്ട് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്﵇ന്റെ ബയ്അത്തിൽ വന്നതിനു ഒരുവിധ ലക്ഷ്യവുമുണ്ടാകുന്നതല്ല. ആ ലക്ഷ്യം നമുക്ക് കരസ്ഥമാക്കാൻ കഴിയുന്നതല്ല. ബയ്അത്തിൽ വന്നതിനുശേഷം നമുക്ക് കിട്ടേണ്ട കാര്യങ്ങളിൽ നിന്ന് പ്രയോജനമെടുക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് നമ്മളെപ്പോഴും ഇക്കാര്യം ഓർക്കേണ്ടതാണ്, ബയ്അത്തിൽ വന്നതിനുശേഷം ഒരു പരിശുദ്ധമായ മാറ്റം നമ്മുടെയുള്ളിലുണ്ടാകണം. ഈ റമളാനിൽ ചെയ്തിട്ടുള്ള ദുആകൾ നന്മകൾ കരസ്ഥമാക്കുന്നതിന് ചെയ്തിട്ടുള്ള ദുആകളെ ജീവിതത്തിന്റെ മുഴുവൻ ഭാഗമാക്കാൻ ശ്രമിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ്﵇ ഒരു സ്ഥലത്ത് പറയുന്നു: “ഭൗതികരായ ആളുകളെപ്പോലെ ഇരിക്കുകയാണെങ്കിൽ ഒന്നും നേടിയെടുക്കാൻ സാധ്യമല്ല. നിങ്ങൾ എന്റെ കൈയിൽ തൗബ ചെയ്തിരിക്കുന്നു. എന്റെ കൈയിൽ തൗബ ചെയ്യുന്നത് ഒരു മരണം ആവശ്യപ്പെടുന്നു. നിങ്ങൾക്ക് പുതുജീവിതത്തിൽ ഒരു പുതിയ ജന്മം ലഭിക്കുമാറാകാൻ തന്നെ. ബയ്അത്ത് ഹൃദയപൂർവമല്ലെങ്കിൽ ഒരു പ്രയോജനവും ഒരു ഫലവുമുണ്ടാകുന്നതല്ല. എന്റെ ബയ്അത്തുകൊണ്ട് അല്ലാഹു ഹൃദയപൂർവ്വമുള്ള പ്രഖ്യാപനമാണ് ആവശ്യപ്പെടുന്നത്. അതിനാൽ എന്നെ ഹൃദയപൂർവം സ്വീകരിക്കുന്നവർ തങ്ങളുടെ തിന്മകളിൽനിന്ന് സത്യസന്ധമായി തൗബ ചെയ്യുന്നവരാണ്. പൊറുക്കുന്നവനും കരുണാമയനുമായ അല്ലാഹു അവന്റെ തിന്മകൾ തീർച്ചയായും പൊറുക്കുന്നതുമാണ്. അവൻ മാതാവിന്റെ ഉദരത്തിൽ നിന്ന് ജനിച്ച പൈതലിനെപ്പോലെയായിത്തീരും. അപ്പോൾ മലക്കുകൾ അവനെ സംരക്ഷിക്കുന്നതാണ്. ആ മഹാത്മാവ് ഒരു ഉപമ

• ഹദീഥുന്നബ്‌വിﷺ •

“നിങ്ങളുടെ സ്ത്രീകൾ രാത്രിയിൽ മസ്ജിദിൽ പോകാൻ അനുവാദം ആവശ്യപ്പെട്ടാൽ അവർക്ക് അനുവാദം നല്കുക.”

(ബുഖാരി 10:162)

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്‌വിﷺ •

“അണി ചൊവ്വാക്കുക; വളവു വരരുത്. എന്തുകൊണ്ടെന്നാൽ അങ്ങനെയാകുമ്പോൾ നിങ്ങളുടെ ഹൃദയം വിയോജിക്കും. നിങ്ങളിൽ ഗ്രഹണശക്തിയും ബുദ്ധിശക്തിയുമുള്ളവർ എന്റെ ഏറ്റവും അടുത്തു നിൽക്കട്ടെ; പിന്നീട് അവരോടു ഏറ്റവും അടുത്തവർ.”

(മിശ്കാത്ത് 4:24)

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphis

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 8 May 2025 Issue-19

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

പറഞ്ഞതാണ്: ഒരു ഗ്രാമത്തിൽ ഒരു നല്ല വ്യക്തിയുണ്ടെങ്കിൽ അയാളുടെ നന്മ പരിഗണിച്ച് അയാൾക്കുവേണ്ടി ആ ഗ്രാമത്തെ മുഴുവനും നാശത്തിൽനിന്ന് അവൻ സംരക്ഷിക്കുന്നതാണ്. പക്ഷേ, നാശം ഇറങ്ങിക്കഴിഞ്ഞാൽ അതെല്ലാവരെയും ബാധിക്കുന്നതുമാണ്. എന്നാലും അല്ലാഹു തന്റെ ദാസന്മാരെ ഏതെങ്കിലുമൊക്കെ രീതിയിൽ സംരക്ഷിക്കുന്നതായിരിക്കും. ദൈവികമായ നടപടിക്രമമെന്നത് ഒരു നന്മയുള്ള വ്യക്തിയുണ്ടെങ്കിൽ അയാൾക്കുവേണ്ടി മറ്റുള്ളവരെയും സംരക്ഷിക്കുന്നു എന്നതാണ്."(മൽഫൂദാത്ത് വാള്യം 3, പേജ് 262, 1984 പതിപ്പ്)

ഈയിടെയായി ലോകത്തിന്റെ അവസ്ഥയിൽ പ്രത്യേകിച്ചും തങ്ങളെയും തങ്ങളുടെ തലമുറകളെയും രക്ഷിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ലോകത്തെ സംരക്ഷിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നബിﷺതിരുമേനിയുടെ കൊടിക്കീഴിൽ ലോകത്തെ കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. അതോടൊപ്പം നമ്മൾ നമ്മളിലും ഒരു സവിശേഷമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. സ്ഥായിയായി ദുആകളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. അങ്ങനെ നമ്മളും രക്ഷ പ്രാപിക്കുന്നവരായിത്തീരുന്നതാണ്, ലോകത്തെയും സംരക്ഷിക്കുന്നവരായിത്തീരും. കാരണം ഈ ലോകം വളരെ ശീഘ്രഗതിയിൽ നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഈ ലോകത്തിന്റെ പരിഷ്കരണത്തിനുള്ള സംവിധാനം ഒരുക്കുന്നതായിരിക്കും. അവരുടെ ഹൃദയങ്ങളെ തിരിക്കുന്നതായിരിക്കും. ഈ നാശത്തിൽനിന്ന് രക്ഷിക്കുന്നതാണ്. നാശം വന്നാൽപ്പോലും അല്ലാഹു വിശ്വാസികളെ സംരക്ഷിക്കുന്നു. അതിൽനിന്ന് രക്ഷപ്പെടുന്നതിന് നമ്മൾ നമ്മുടെ കർമങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നമുക്കുമേലെപ്പോഴും ഉണ്ടാകുന്ന രീതിയിലാക്കിത്തീർക്കേണ്ടതാണ്. നമുക്ക് കാര്യങ്ങളുടെ യാഥാർഥ്യവും തിരിച്ചറിവും കരസ്ഥമാക്കാൻ കഴിയുമാറാകട്ടെ. എങ്ങനെയാണ് ഇബാദത്തുകളെ സജീവമാക്കേണ്ടതെന്നും എങ്ങനെയാണ് നമ്മൾ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടതെന്നും എങ്ങനെയാണ് നമ്മൾ ഉന്നതമായ സ്വഭാവങ്ങൾ പ്രകടിപ്പിക്കേണ്ടതെന്നും എങ്ങനെയാണ് തൗഹീദിനെ ലോകത്ത് സ്ഥാപിക്കേണ്ടതെന്നും എങ്ങനെയാണ് ലോകത്തെ രക്ഷിക്കേണ്ടതെന്നും എങ്ങനെയാണ് തങ്ങളെ ലോകത്തിന്റെ നാശങ്ങളിൽനിന്നും അക്രമങ്ങളിൽനിന്നും രക്ഷിക്കേണ്ടതെന്നും നമുക്ക് തിരിച്ചറിവുണ്ടാകുമാറാകട്ടെ. ഇതെല്ലാമുണ്ടാകുകയാണെങ്കിൽ, ഈ ഒരു ബോധം നമുക്കുള്ളിൽ ഉണ്ടാകുന്നുവെങ്കിൽപ്പിന്നെ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ബയ്അത്തിനോടുള്ള കടമ യഥാവിധി നിർവഹിക്കുന്നവരായി നമ്മൾ മാറുന്നതാണ്. നമുക്ക് ബയ്അത്തിന്റെ കടമകൾ യഥാവിധി നിർവഹിക്കാൻ കഴിയുമാറാകട്ടെ. ഈ റമളാൻ നമുക്ക് അനുഗ്രഹങ്ങൾക്ക് നിമിത്തമാകട്ടെ. അതിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും നമുക്കുമേൽ വർഷിക്കുമാറാകട്ടെ. നമ്മുടെ റമളാനിലെ വരാനുള്ള ദിവസങ്ങൾ വർഷം മുഴുവനും അടുത്ത റമളാൻവരെയും അല്ലാഹുവിന്റെ ഇബാദത്തുകൾ നിർവഹിക്കുന്നവരാക്കിത്തീർക്കുമാറാകട്ടെ. അവന്റെ ദാസന്മാരുടെ കടമകളും നിർവഹിക്കാൻ നമുക്ക് കഴിയുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനെല്ലാം തൗഫീഖ് നൽകുമാറാകട്ടെ. *(വിവർത്തനം:എച്ച്. ശംസുദ്ദീൻ കാവശ്ശേരി)*

പേജ് 7 ൽ നിന്ന്

മനുഷ്യനുമായിരുന്നു. ഇത്തരത്തിലുള്ള ആളുകളെ എവിടെയും കാണാൻ സാധ്യമല്ല.'

1992-ൽ ഉണ്ടായ ശക്തമായ എതിർപ്പിനിടയിൽ അഹ്മദിയ്യ ശത്രുക്കൾക്ക് മുന്നിൽ വളരെയേറെ ധൈര്യത്തിന്റെയും വിശ്വാസവീര്യത്തിന്റെയും ദൃശ്യമാണ് അദ്ദേഹം കാണിച്ചത്. വഫാത്തിന് ഒരു ദിവസം മുമ്പേയും ആമില മീറ്റിംഗിൽ പങ്കെടുക്കുകയും തന്റെ ചന്ദ കൊടുത്തു തീർക്കുകയും ചെയ്തു. വഫാത്തു ദിവസവും തഹജ്ജുദ് നമസ്കരിക്കുകയും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും സ്വുബ്ഹി നമസ്കരിക്കുകയും ചെയ്തു. അതെല്ലാം കഴിഞ്ഞ് ഏകദേശം 8.45-ന് അദ്ദേഹം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി.

ഹൈദരാബാദ് മുൻ ഖാഇദ് ശഹ്ബാസ് അഹ്മദ് സാഹിബ് പറയുന്നു: അദ്ദേഹം വളരെയേറെ സേവനം ചെയ്യുന്ന, ജമാഅത്തിനുവേണ്ടി ആത്മാഭിമാനമുള്ള വളരെ ധൈര്യശാലിയായ ആളായിരുന്നു. തബ്‌ലീഗിൽ ഒരുതരം ഉന്മാദമായിരുന്നു. അദ്ദേഹത്തിൽ കണ്ട ഏറ്റവും വലിയ കാര്യം അദ്ദേഹം തന്റെ ദൈനംദിന ജീവിതത്തിലെ കാര്യങ്ങൾ ചെയ്യുന്നതുപോലെയാണ് ദീനീസേവനങ്ങളും ചെയ്തിരുന്നത്. അങ്ങനെയായിരുന്നു ദീനി സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നത്. പറയുന്നു: ഒരു കമ്പനിയിൽ ഞങ്ങൾ ജോലിക്കാരായിരുന്നു. ഒരു സന്ദർഭത്തിൽ ജമാഅത്തിന്റെ എതിർപ്പ് വളരെ വർധിച്ചു. മൗലവിമാർ ഭരണനിർവഹണ സമിതിയോടു പറയുകയും അദ്ദേഹത്തെ അവിടെനിന്ന് പുറത്താക്കുന്നതിന് ഒരുപാട് സമ്മർദ്ദം ചെലുത്തുകയും ചെയ്തു. അവിടെയുണ്ടായിരുന്ന ജനറൽ മാനേജർ മൗലവിമാരോടു പറഞ്ഞു: നിങ്ങൾ ഇദ്ദേഹം അഹ്മദിയാണോ മിർസായിയാണോ ഖാദിയാനിയാണോ എന്നതെല്ലാം ഒഴിവാക്കുക. അദ്ദേഹത്തിലെന്ത് ന്യൂനതയാണുള്ളതെന്ന് എനിക്ക് പറഞ്ഞു തരിക. എന്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ അദ്ദേഹത്തെ ജോലിയിൽനിന്ന് മാറ്റേണ്ടത്? അതിന് മൗലവിമാർക്ക് മറുപടിയൊന്നുമുണ്ടായിരുന്നില്ല. അങ്ങനെ അദ്ദേഹം അവിടെത്തന്നെ ജോലി തുടരുകയും ചെയ്തു. സന്തപ്ത കുടുംബത്തിൽ ഭാര്യയും മൂന്ന് പെൺമക്കളും 4 ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ തലമുറകളുമുണ്ട്. അല്ലാഹു പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. (വിവർത്തനം:എച്ച്.ശംസുദ്ദീൻ കാവശ്ശേരി.)

പേജ് 1 ൽ നിന്ന്

കൈവിട്ടില്ല. അല്ലാഹു അദ്ദേഹത്തെ സ്വിദ്ദീഖാക്കി. ഇതും സ്വിദ്ദീഖിന്റെ ഒരു സ്ഥാനമാണ്. ലോകത്തെ ഒരു വിപത്തിനും ഒരു ബുദ്ധിമുട്ടിനും ഒരു നിന്ദ്യതയ്ക്കും അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കാനാകുമായിരുന്നില്ല. എത്രത്തോളം ദ്രോഹങ്ങളും ബലാകളും വർധിപ്പിച്ചാലും അത് അദ്ദേഹത്തിന്റെ സത്യസന്ധത എന്ന സ്ഥാനത്തെ കൂടുതൽ കരുത്തും ആസ്വാദകരവുമാക്കിക്കൊണ്ടിരിക്കുന്നതാണ്.

ഞാൻ വിവരിച്ചു കഴിഞ്ഞതിന്റെ ചുരുക്കം മനുഷ്യൻ ഇയ്യാക്ക നഅ്ബുദു എന്നു പറഞ്ഞുകൊണ്ട് സത്യസന്ധതയോടും കൂറോടുംകൂടി ചുവടു വെക്കുമ്പോൾ അല്ലാഹു സത്യസന്ധതയുടെ വലിയൊരു നദി തുറന്നുവിടുന്നു. അത് അവന്റെ ഖൽബിൽവന്ന് പതിക്കുന്നു. അതിനെ സത്യസന്ധതകൊണ്ടു നിറയ്ക്കുന്നു. അവൻ സ്വന്തമായ നിലയിൽ ബിളാഅത്തിൻ മുസ്ജാത്തിൻ(നിസ്സാരമായദ്രവ്യം)കൊണ്ടുവരുന്നു. പക്ഷേ, അല്ലാഹു ഉന്നത നിലയിലുള്ള വിലപിടിച്ച വസ്തു അവന് പ്രദാനം ചെയ്യുന്നു. നാം പറഞ്ഞതിന്റെ ഉദ്ദേശ്യം ഇതാണ്, ഈ സ്ഥാനത്ത് മനുഷ്യൻ അത്ഭുതവിദ്യയുടെ അടയാളമാകുംവിധം സത്യസന്ധതയുടെ ചുവടു വെക്കുക. അതുമുഖേന ദൈവജ്ഞാനങ്ങളുടേയും യാഥാർഥ്യങ്ങളുടേയും നദി തുറക്കുന്നു. അവന് എങ്ങനെയുള്ള ശക്തി പ്രദാനം ചെയ്യപ്പെടുന്നുവെന്നാൽ അതിനെ നേരിടാൻ ആർക്കും ശക്തി ഉണ്ടാകുകയില്ല.'(മൽഫൂദാത്ത് വാള്യം 1, പേജ് 345, പ്രസാധനം 2018 ഖാദിയാൻ)

• ഹദീഥുന്നബ്‌വിﷺ •

"നിങ്ങളിലൊരാൾ നമസ്കരിക്കുമ്പോൾ അയാൾ തന്റെ രക്ഷിതാവുമായി രഹസ്യമായ സമ്പർക്കത്തിലേർപ്പെട്ടരിക്കുകയാണ്."
(ബുഖാരി. 9:8)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"തന്റെ നാഥനോടു ദാസൻ ഏറ്റവും അടുത്തിരിക്കുന്നത്, അവൻ സുജൂദിലായിരിക്കുമ്പോഴാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ അർഥനകൾ(സുജൂദിൽ)ചെയ്യുക."(മിശ്ക്കാത്ത 4:14)




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin